# ഈ വർഷം പെയ്തിറങ്ങിയ ദിവ്യാനുഗ്രഹങ്ങൾ

**അമീറുൽ മുഅ്മിനീൻ മിർസാ മസ്റൂർ അഹ്മദ്**

**(28.7.2007 ശനിയാഴ്ച)**

**അ**ല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണിനോക്കുന്നപക്ഷം അത് എണ്ണിത്തിട്ടപ്പെടുത്താൻ നിങ്ങൾക്ക് സാധ്യമല്ല. തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമത്രെ (16:19).

ഇന്നത്തെ ഈ പ്രസംഗത്തിൽ ലോകത്തിലെ വിവിധ ജമാഅത്തുകളിൽനിന്ന് ലഭിക്കുന്ന പ്രവർത്തനറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപ്പുവർഷം ജമാഅത്തിന്റെമേൽ വർഷിച്ച അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ് വിശദീകരിക്കാറുള്ളത്. വിവിധ രീതികളിലുണ്ടാകുന്ന അല്ലാഹുവിന്റെ സഹായവും പറയാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ഞാൻ പറയാനാഗ്രഹിക്കുന്നു.

**അഹ്മദിയ്യാ ജമാഅത്ത് നാല് പുതിയ രാജ്യങ്ങളിൽ**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുവരെ ലോകത്തിലെ 189 രാഷ്ട്രങ്ങളിൽ അഹ്മദിയ്യത്തിന്റെ ചെടി പിടിച്ചുകഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യത്തിനെ തുടച്ചുനീക്കുമെന്ന് പറഞ്ഞുകൊണ്ട് സകല ശ്രമവും നടത്തിയ 1984-നുശേഷം ഇതുവരെയുള്ള 23 വർഷത്തിന്നിടയിൽ 98 പുതിയ രാഷ്ട്രങ്ങൾ അല്ലാഹു നമുക്കു നല്കിയിരിക്കുന്നു. ഈ വർഷവും 4 പുതിയ രാഷ്ട്രങ്ങൾ അഹ്മദിയ്യത്തിൽ ചേർന്നു. ഇതിൽ ഗൗദെലൂപെ (Guade loupe), സെന്റ് മാർട്ടിൻ (St.Martin), ഫ്രഞ്ച്ഗ്യാന (French Guiana), ഹെയ്റ്റി (Haiti) എന്നീ രാഷ്ട്രങ്ങൾ പെടുന്നു. ഫ്രാൻസ് ജമാഅത്തിനാണ് ഇവിടെ അഹ്മദിയ്യത്ത് പ്രചരിപ്പിക്കാൻ ഭാഗ്യം കിട്ടിയത്. ഗൗദെലൂപ്, കരീബിയൻ കടലിൽ (Caribbean Sea) നിലകൊള്ളുന്ന ഒരു ദ്വീപാണ്. ജമാഅത്തിന്റെ മുബല്ലിഗ് സാഹിബിനേയും ഇവിടുത്തെ നാഷണൽ സെക്രട്ടറി സാഹിബിനേയുമാണ് അവിടേക്കയച്ചത്. അവർക്ക് ഒരു പരിചയവുമില്ലാത്ത സ്ഥലമായിരുന്നു അത്. അവർ അവിടുത്തെ ഒരു പള്ളിയിൽ ചെന്നു. താൻ മിഷണറിയാണെന്ന് നമ്മുടെ മുബല്ലിഗ് സാഹിബ് അവരെ പരിചയപ്പെടുത്തി. അപ്പോൾ അവർ നമസ്കരിപ്പിക്കുവാൻ പറഞ്ഞു. അങ്ങനെ ബിസ്മില്ലാഹ് അവിടെനിന്ന് തുടങ്ങി. ചെന്നുടനെ അല്ലാഹു അവർക്ക് ഇമാം നില്ക്കാനാണ് സൗഭാഗ്യം നല്കിയത്. നമസ്കാരത്തിനുശേഷം ചോദ്യോത്തര പരിപാടി ആരംഭിച്ചു. ഒരു സുഹൃത്ത് ഈസ് അഹ്മദ് സാഹിബ് ബയ്അത്ത് ചെയ്തു. പിന്നീട് ജുമുഅയും ആ പള്ളിയിൽത്തന്നെ നമസ്കരിച്ചു. അന്നും ചോദ്യോത്തര സദസ്സ് നടന്നു. അല്ലാഹുതആല 5 ബയ്അത്തുംകൂടി നല്കി. കുറച്ചു ദിവസത്തിനുശേഷം വീണ്ടും സദസ്സുകൾ ചേർന്നു. അങ്ങനെ 7 പേർ ബയ്അത്ത് ചെയ്തു. മൊത്തം 13 പേരടങ്ങുന്ന ഒരു ജമാഅത്ത് രൂപീകരിക്കുകയും മുറി വാടകയ്ക്കെടുത്ത് മിഷൻഹൗസ് സ്ഥാപിക്കുകയും ചെയ്തു. പത്രപ്രതിനിധികൾ നമ്മുടെ ആളുകളുമായി ഇന്റർവ്യൂ നടത്തുകയും ടിവി-റേഡിയോ നിലയങ്ങൾ ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ട് പരിപാടികൾ സംപ്രേഷണം ചെയ്യുകയും ചെയ്തു.

സെന്റ്മാർട്ടിൻ ചെറിയൊരു ദ്വീപാണ്. 77,000 ആണ് ഇവിടുത്തെ ജനസംഖ്യ. ഫ്രാൻസ് ജമാഅത്ത് മുഖേനയാണ് ഇവിടേയും ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത്. അവിടെ പോയ നമ്മുടെ സഹോദരങ്ങളെ ആരും അറിയുമായിരുന്നില്ല. ആദ്യ ആഴ്ച ലഘുലേഖകൾ വിതരണം ചെയ്തു. കേൾക്കാൻ ആരുമില്ലെന്നും ദുആ ചെയ്യണമെന്നും പറഞ്ഞ് നിരന്തരം അവർ കത്തുകളയച്ചുകൊണ്ടിരുന്നു. അവരും സ്വയം ദുആയിൽ മുഴുകി. മുബല്ലിഗ് സാഹിബ് പറയുന്നു, ഞങ്ങൾക്ക് തിരിച്ചുപോകാൻ മൂന്നുദിവസം മാത്രമേയുണ്ടായിരുന്നുള്ളൂ. അല്ലാഹുവിന്റെ സന്നിധിയിൽ അങ്ങേയറ്റം ഞങ്ങൾ വിലപിച്ചു. സത്യസന്ദേശം കേൾക്കുന്നവരായി ഇവിടെ ആരുമില്ലെന്നും ആരേയെങ്കിലും തങ്ങളുടെ അടുത്തേക്ക് അയക്കണമെന്നും പറഞ്ഞ് അല്ലാഹുവിനോട് താണുകേണപേക്ഷിച്ചു. ഇങ്ങനെ ഞങ്ങൾ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നൊരാൾ എന്റെയടുക്കൽ വന്നു. സംസാരം തുടങ്ങി. മൂന്നുദിവസം അദ്ദേഹം ഞങ്ങളോടൊപ്പം താമസിച്ചു. ഞങ്ങളെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്തു. അവിടെവച്ച് 5 പേരടങ്ങുന്ന ആ കുടുംബം അഹ്മദിയ്യത്തിൽ ചേർന്നു. അങ്ങനെ ഈ രാജ്യത്ത് അഹ്മദിയ്യത്തിന്റെ ചെടി നട്ടു.

മൂന്നാമത്തെ രാജ്യം ഫ്രഞ്ച്ഗ്യാനയാണ് (French Guiana). ഈ രാജ്യത്തിന്റെ ഒരതിർത്തി സുരിനാമു (Suriname) മായും ഒരു ഭാഗം ബ്രസീലു (Brazil) മായും ചേരുന്നു. ഇവിടേയും ജമാഅത്ത് രൂപീകരിക്കാനുള്ള ഭാഗ്യം ഫ്രാൻസ് ജമാഅത്തിനാണ് കിട്ടിയിട്ടുള്ളത്. നമ്മുടെ സംഘം അവിടെ എത്തിയപ്പോൾ ഓതലോയിലെ ഒരഹ്മദി സഹോദരനും അവിടെയെത്തി. അദ്ദേഹം നമ്മുടെ മുബല്ലിഗിനെ തന്റെ ആളുകൾക്ക് പരിചയപ്പെടുത്തിക്കൊടുത്തു. മതകാര്യവകുപ്പിന്റെ മന്ത്രിയുമായി തബ്ലീഗ് ചർച്ച നടന്നുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു, 'സുരിനാം' ജമാഅത്തിലെ മിഷൻ ഹൗസിൽ ഞാൻ വന്നിട്ടുണ്ട്. നിങ്ങൾ തീർച്ചയായും സത്യസന്ധരായ മുസ്ലിംകളാണ്. മറ്റു മുസ്ലിംകൾ നിങ്ങളെക്കുറിച്ച് തെറ്റായ ധാരണകൾ വരുത്തിയിരിക്കുന്നു.' അദ്ദേഹം നമ്മുടെ ആളുകളെ വീട്ടിലേക്ക് ക്ഷണിച്ചു. തന്റെ സുഹൃത്തുക്കളേയും ബന്ധുക്കളേയും വിളിച്ചുവരുത്തി ചർച്ചകൾ നടത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 30 പേർ അവിടെവച്ച് ബയ്അത്ത് ചെയ്തു.

ഈ വർഷം അഹ്മദിയ്യത്തിൽ പ്രവേശിച്ച നാലാമത്തെ രാജ്യമാണ് ഹെയ്റ്റി (Haiti). ഈ രാജ്യവും ക്യൂബ (Cuba)യുടേയും ഡൊമനിക്കൻ റിപ്പബ്ലിക്കിന്റേയും (Dominican Republic) ഇടയിലാണ് സ്ഥിതിചെയ്യുന്നത്. ഇവിടേയും ഫ്രാൻസ് ജമാഅത്തിന്റെ പ്രവർത്തനഫലമായിട്ടാണ് ജമാഅത്ത് സ്ഥാപിതമായത്. ഈ മാർച്ചുമാസത്തിൽ നമ്മുടെ തബ്ലീഗ് സംഘം അവിടെ പോവുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചോദ്യോത്തര പരിപാടി സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി ആറുപേർ ജമാഅത്തിൽ ചേർന്നു. ഈ പരിപാടികൾ തുടർന്നുപോന്നു. മൊത്തം 25 ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഇവിടേയും ജമാഅത്ത് രൂപീകരിച്ചു. രജി

സ്റ്റർ ചെയ്യാനുള്ള ശ്രമം നടന്നുവരുന്നു. ഇവിടെ എഞ്ചിനീയറായ ഒരു ക്രൈസ്തവ സഹോദരന് അഹ്മദിയ്യത്തിൽ ചേരാൻ ഭാഗ്യം കിട്ടി. അദ്ദേഹം നമ്മുടെ മുബല്ലിഗ് സാഹിബിനോട്, 'താങ്കൾ നമസ്കരിച്ചപ്പോൾ വലിയ ആനന്ദം ലഭിച്ചു'വെന്ന് പറയുകയുണ്ടായി. അദ്ദേഹം വീട്ടിൽപോയി തന്റെ ഭാര്യയോട് ഈ വിവരം പറയുകയും ഇസ്‌ലാംമതതത്ത്വജ്ഞാനം എന്ന ഹദ്റത്ത് അഹ്മദ്(അ)ന്റെ ഗ്രന്ഥം അവർക്ക് വായിക്കാൻ കൊടുക്കുകയും ചെയ്തതിന്റെ ഫലമായി ആ കുടുംബം മുഴുവൻ അഹ്മദിയ്യത്ത് സ്വീകരിച്ചു.

മുബല്ലിഗുമാരാരുമില്ലാത്തതും നമുക്ക് നിരന്തരം ബന്ധപ്പെടാൻ കഴിയാതിരുന്നതുമായ 33 രാജ്യങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം തബ്‌ലീഗ് സംഘങ്ങളെ അയച്ചുകൊണ്ട് ബന്ധം പുനഃസ്ഥാപിക്കാനും തബ്‌ലീഗ് തർബിയ്യത്ത് പരിപാടികൾ നടത്താനും സാധിച്ചു. ചില സ്ഥലങ്ങളിൽ മുബല്ലിഗുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൊന്നാണ് ഹംഗറി. ജർമ്മനിയിലെ മുബല്ലിഗായ ഹൈദരലി സാഹിബും സെക്രട്ടറി തബ്‌ലീഗായ അബ്ദുൽഗഫ്ഫാർ സാഹിബും അടങ്ങിയ ഒരു സംഘം വഖ്ഫെ ആർസിയനുസരിച്ച് അവിടെ പോവുകയും പഴയ ബന്ധങ്ങൾ പുനഃസ്ഥാപിക്കുകയും തർബിയ്യത്തുപരമായി പ്രവർത്തിക്കുകയും ചെയ്തു. ഹംഗറിയിൽ (Hungary) രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പേ നമ്മുടെ മുബല്ലിഗുണ്ടായിരുന്നു. മിഷൻഹൗസും ഉണ്ടായിരുന്നു. ഇപ്പോൾ 70 വർഷത്തിനുശേഷം ഒരു മുബല്ലിഗിനെ നാം അവിടെ നിയമിച്ചിരിക്കുന്നു. അദ്ദേഹം അവിടുത്തെ പ്രാദേശികഭാഷ പഠിച്ചുവരികയാണ്.

രണ്ടാമത്തെ രാജ്യം മാൾട്ട (Malta)യാണ്. ഇവിടേയും ജർമ്മനിയിൽനിന്ന് ഡോ. അബ്ദുൽഗഫ്ഫാർ സാഹിബാണ് പര്യടനം നടത്തിയത്. നമ്മുടെ മിഷൻ ഇവിടെയുണ്ട്. കഴിഞ്ഞ ജൂൺമാസം മുബല്ലിഗ് സാഹിബ് അവിടെയെത്തിക്കഴിഞ്ഞിരിക്കുന്നു.

മൂന്നാമത്തെ രാജ്യം റൊമാനിയയാണ് (Romania). ഇതും ജർമ്മനി ജമാഅത്തിന്റെ കീഴിലാണ്. ഇവിടേയും ജർമ്മനിയിലെ ഇൻചാർജ്ജ് മുബല്ലിഗ് സാഹിബ് തന്റെ കൂട്ടുകാരോടൊപ്പം പര്യടനം നടത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാക്കിസ്ഥാനിൽ നിന്ന് നമ്മുടെ മുബല്ലിഗ് സാഹിബ് അവിടെ എത്തിക്കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം റൊമാനിയൻ ഭാഷ പഠിച്ചുവരുന്നു. മസിഡോണിയായും (Macedonia) ജർമ്മനിക്ക് കീഴിലാണ് പ്രവർത്തിക്കുന്നത്. ഇവിടേയും മുബല്ലിഗ് നിയമിതനായിക്കഴിഞ്ഞു. അദ്ദേഹം അയൽരാജ്യമായ സാവോയി(Sao)ൽ മസിഡോണിയായിലെ തദ്ദേശഭാഷ പഠിച്ചുവരുന്നു.

ജിബ്രാൾട്ടർ (Gibralter)ലും ജമാഅത്ത് രജിസ്റ്റർ ചെയ്യാൻവേണ്ടി ജർമ്മനിയിലെ മുബല്ലിഗ് അബ്ദുൽഗഫ്ഫാർ സാഹിബ് ശ്രമിച്ചുവരുന്നു.

സൗത്ത് ആഫ്രിക്കയിൽനിന്ന് അവിടുത്തെ മുബല്ലിഗ് സ്വാസിലാന്റ്(Swaziland)ലും ലസോതോയി (Lesotho)ലും പര്യടനം നടത്തുകയും ജമാഅത്തിനെ വിലയിരുത്തുകയും പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്തു. രണ്ടു രാജ്യങ്ങളിലും ഘാനയിൽനിന്നു വന്ന മുബല്ലിഗുമാരാണ് പ്രവർത്തിക്കുന്നത്. ഇതുരണ്ടും പുതിയ രാജ്യങ്ങളാണ്. കഴിഞ്ഞവർഷങ്ങളിലാണ് ഇവിടെ ജമാഅത്ത് പ്രവേശിച്ചത്. സ്വാസിലാന്റിൽ 5 ജമാഅത്തുകൾ രൂപീകരിച്ചുകഴിഞ്ഞു. ലസോതോയിൽ 6 ജമാഅത്തുകൾ സ്ഥാപിതമായി. രണ്ട് രാജ്യങ്ങളിലും ജമാഅത്തിന്റെ ആദ്യ പള്ളികളും നിർമ്മിച്ചുകഴിഞ്ഞു.

ഈ വർഷം യുഗാണ്ട തങ്ങളുടെ രണ്ട് മുബല്ലിഗുമാരെ റുവാണ്ട(Rwanda)യിലേക്ക് അയക്കുകയുണ്ടായി. ഇവിടുത്തെ അഹ്മദികളുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിച്ചുവെന്നു മാത്രമല്ല അല്ലാഹുവിന്റെ അനുഗ്രഹത്താൽ 80 പുതിയ ബയ്അത്തുകളും നടന്നു. വാടകയ്ക്ക് സ്ഥലമെടുത്ത് നമസ്കാരത്തിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. മജ്‌ലിസെ ആമില നിലവിൽ വന്നു. ഈ വർഷം റുവാണ്ടയിൽനിന്ന് രണ്ടുസംഘം യുഗാണ്ടയിലെത്തി അഹ്മദികളുമായി ബന്ധം സ്ഥാപിച്ചു. ഇവിടേയും ജമാഅത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

നൈജിരിയാ (Nijeria)യിൽനിന്നുള്ള ജമാഅത്ത് സംഘം ഈ വർഷം കാമറൂൺ (Cameroun), ഛാഡ് (Chad) ഇക്വറ്റോറിയിൽ ഗിനി (Equatorial Guinea) എന്നീ മൂന്നുരാഷ്ട്രങ്ങളിൽ പര്യടനം നടത്തി. ഇവിടെ ജമാഅത്തിനെ സംഘടിതമാക്കി. കാമറൂണിൽ നാല് ജമാഅത്തുകൾ സ്ഥാപിതമായിക്കഴിഞ്ഞു. ഇവിടെനിന്നുള്ള രണ്ട് കുട്ടികൾ നൈജിരിയായിലെ ജാമിഅ അഹ്മദിയ്യായിൽ പഠിച്ചുവരുന്നു. ഇവിടെ 120 പുതിയ ബയ്അത്തുകൾ നടന്നു. ഛാഡിൽ 5 ജമാഅത്തുകൾ സ്ഥാപിതമായി. 220 ബയ്അത്തുകൾ നടന്നു. നൈജിരിയായിലെ ജമാഅത്തുസംഘം പര്യടനം നടത്തിയ മൂന്നാമത്തെ രാജ്യം ഇക്വറ്റോറിയിൽ ഗിനിയാണ്. അവർ ഇവിടെ ജമാഅത്തിനെ സംഘടിപ്പിക്കാനുള്ള പ്രവർത്തനം നടത്തി. ഒരുപാട് ബയ്അത്തുകൾ ഇവിടെനിന്ന് ലഭിച്ചിട്ടുണ്ട്. ഖുദ്ദാമുൽ അഹ്മദിയ്യായും ഇവിടെ രൂപീകരിച്ചുകഴിഞ്ഞു. ഇവിടുത്തെ ഒരു കുട്ടി നൈജിരിയായിലെ ജാമിഅ അഹ്മദിയ്യായിലെ വിദ്യാർത്ഥിയാണ്. മൗറേഷ്യസിൽ (Mauritius) നിന്ന് ജമാഅത്ത് സംഘം കോമറോസ് (Comoros) മയോട്ടിദ്വീപ്, റീവിയൻ ദ്വീപ് തുടങ്ങിയവ സന്ദർശിച്ച് അഹ്മദികളുമായി ബന്ധം പുനഃസ്ഥാപിക്കുകയും പ്രവർത്തനം ശക്തിപ്പെടുത്താനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. ഈ ജമാഅത്തുകളിലും മജ്‌ലിസെ ആമില രൂപീകരിച്ച് ജമാഅത്ത് വ്യവസ്ഥിതിക്കനുസരിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഗ്വാട്ട്സ്വാനയിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇറ്റലിയിൽ ജമാഅത്തിനെ സംഘടിതമാക്കി. അവിടെ ജമാഅത്ത് ഓർഗനൈസ്ഡായിക്കഴിഞ്ഞു. സ്ഥലവും നാം വാങ്ങിയിട്ടുണ്ട്. ഇൻശാഅല്ലാഹ്. എത്രയും വേഗം അവിടെ ആദ്യത്തെ പള്ളിയും നിർമ്മിക്കുന്നതാണ്.

ഓസ്ട്രിയാ(Austria)യിലും മുബല്ലിഗിനെ അയച്ച് ജമാഅത്ത് ഓർഗനൈസ്ഡ് ചെയ്തു. സോമാലിയാ (Somalia)യിലും രണ്ട് മുഅല്ലിമുമാർ കിനിയായിൽനിന്ന് പോയിരുന്നു. ഇവർ രണ്ടുപേരും നൈറോബിയിൽ പഠിച്ചുവന്നവരാണ്. വളരെ നല്ല പ്രവർത്തനമാണ് അവിടെ നടന്നുവരുന്നത്. ആദ്യം അവിടെ മൂന്ന് ജമാഅത്തുകളാണുണ്ടായിരുന്നത്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 21 ജമഅത്തുകൾ സ്ഥാപിതമായിക്കഴിഞ്ഞു. 2500 പുതിയ ബയ്അത്തുകൾ നടന്നു. എത്യോപ്പിയാ(Ethiopia)യിലും കിനിയായിൽനിന്നുള്ള രണ്ടു മുഅല്ലിമുമാർ പ്രവർത്തിച്ചുവരുന്നു. ഇവിടുത്തെ റിലീജിയനിൽ ജമാഅത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഇവിടെ 4800 ഓളം ബയ്അത്തുകൾ നടന്നു. 20 പുതിയ ജമാഅത്തുകൾ സ്ഥാപിതമായി. ഒരു പള്ളിയും നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്.

സൗത്ത് പെസഫിക്കിലെ മാർഷൽ ദ്വീപിലും മൈക്രോനേഷ്യയിലും പര്യടനത്തിനായി അമേരിക്കയിൽനിന്ന് നമ്മുടെ

ഒരു മുബല്ലിഗ് പോയിരുന്നു. പര്യടനവേളയിൽ പഴയ ബന്ധങ്ങൾ അദ്ദേഹം പുനഃസ്ഥാപിക്കുകയും ഓരോ അഹ്മദിയേയും ഒറ്റയ്ക്കൊറ്റയ്ക്ക് കാണുകയും ചെയ്തു. അവർക്കുവേണ്ടി തർബിയ്യത്തീ പരിപാടികൾ സംഘടിപ്പിച്ചു. 7 പുതിയ ബയ്അത്തുകൾ നടന്നു. ഇവിടേയും ജമാഅത്ത് വ്യവസ്ഥാപിതമായി പ്രവർത്തിക്കാൻ തുടങ്ങിക്കഴിഞ്ഞു.

സ്പെയിനിന്റെ ചുമതലയിലാണ് പോർച്ചുഗൽ (Portugal). ഊഴമനുസരിച്ചാണ് അഹ്മദികൾ ഇവിടെ പ്രവർത്തനത്തിനായി പോകുന്നത്. ഇവിടെ ജമാഅത്ത് വ്യവസ്ഥാപിതമാണ്. ഫിജി (Fiji), വന്വാത്ത (Vanuatu) ദ്വീപുകളിലേക്ക് നമ്മുടെ ജമാഅത്തംഗങ്ങളെ അയക്കുകയുണ്ടായി. മുബല്ലിഗിന്റെ കീഴിൽ ഇവിടെ പ്രവർത്തനം നടന്നുവരുന്നു. മിഷൻഹൗസിനും പള്ളിക്കും വേണ്ടി സ്ഥലം അന്വേഷിക്കുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടേയും ജമാഅത്ത് രജിസ്റ്റർ ചെയ്തു കഴിഞ്ഞു. കിരിബാത്തി(Kiribati)യിലും പ്രതിനിധികളെ അയക്കുകയുണ്ടായി. അവിടേയും രജിസ്ട്രേഷന്റെ കാര്യങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. 18 വർഷത്തെ കഠിനമായ പരിശ്രമത്തിനുശേഷമാണ് രജിസ്ട്രേഷൻ കിട്ടിയത്. കഴിഞ്ഞവർഷം ഞാൻ അവിടെ പോയപ്പോൾ ഇതുസംബന്ധമായി പ്രത്യേക നിർദ്ദേശം അവർക്ക് കൊടുത്തിരുന്നു. അവിടുത്തെ ഒരു ഡോക്ടർ സാഹിബ് ഇതിനുവേണ്ടി ഒരുപാട് പ്രവർത്തിച്ചു. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നല്കുമാറാകട്ടെ.

ഓസ്ട്രേലിയ (Australia) ജമാഅത്ത് സോളമൻ ദ്വീപുകളുമായി (Soloman Islands) ശക്തമായ ബന്ധം സ്ഥാപിച്ചുകഴിഞ്ഞു. അവിടെ ജമാഅത്ത് വളരെ സുസംഘടിതമാണ്. ജമാഅത്തിന്റെ ഒരു കെട്ടിടത്തിലാണ് സെന്റർ പ്രവർത്തിച്ചുവരുന്നത്.

എസ്ടോണിയാ(Estonia)യിൽ കഴിഞ്ഞവർഷമാണ് ജമാഅത്ത് രൂപീകരിച്ചത്. ഈ വർഷം ഇവിടുത്തെ അഹ്മദികളുമായി നമ്മൾ ബന്ധപ്പെടുകയും തബ്ലീഗ് നടത്തുകയും ചെയ്തിട്ടുണ്ട്. ലാറ്റ്വിയാ(Latvia)യിലും സന്ദർശനം നടത്തി. ഈ രാജ്യത്ത് നമുക്ക് ജമാഅത്തില്ല. ഇവിടെ നാല്പതോളം മീറ്റിങ്ങുകൾ വിവിധ ആളുകളുമായി നടന്നു. ഇപ്രകാരം വിവിധ സ്ഥലങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ജമാഅത്തിന്റേയും സന്ദേശം എത്തിക്കഴിഞ്ഞു.

ബോസ്നിയാ(Bosnia)യിലെ മുബല്ലിഗ് ഇൻ ചാർജ്ജ് സെർബിയാ(Serbia)യിൽ പര്യടനം നടത്തി. ദീർഘകാലമായി ബന്ധമൊന്നുമില്ലാതിരുന്ന ഇരുപത് അഹ്മദികളുമായി ബന്ധം സ്ഥാപിച്ചു. ഇവിടേയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രവർത്തനം മെച്ചപ്പെട്ടു വരികയാണ്.

ഫ്രാൻസിലെ ഒരു സംഘം മാർട്ടിനാ ദ്വീപിൽ പര്യടനം നടത്തി. ഇവിടെ 2004-ലാണ് ജമാഅത്ത് രൂപീകരിച്ചത്. 9 അഹ്മദികളെ നമ്മുടെ സംഘം സന്ദർശിച്ചു. തദ്ദേശ റേഡിയോ നിലയത്തിൽനിന്ന് ഇവരുടെ പരിപാടികൾ തൽസമയം പ്രക്ഷേപണം ചെയ്തു. ജമാഅത്തിനെ പരിചയപ്പെടുത്തുകയും കൂടുതൽ ബയ്അത്തുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. വെനിസ്വേല (Venezuela) യിലെ അഹ്മദികളുമായി ബന്ധപ്പെട്ട് ജമാഅത്ത് ഓർഗനൈസ് ചെയ്തു. ഇപ്രകാരംതന്നെ മറാക്കഷു (Marakech)മായിട്ടും ബന്ധം പുനഃസ്ഥാപിച്ചു. ഇവിടേയും ഇപ്പോൾ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രവർത്തനസജ്ജമാണ്. ബൊളീവിയാ(Bolivia)യിൽ 8 ബയ്അത്തുകൾ നടന്നു. കാനഡയിൽനിന്ന് ജമാഅത്തിലെ ഒരു സുഹൃത്ത് ജമൈക്ക (Jamaica)യിൽ പോവുകയും അവിടുത്തെ ജമാഅത്തിനെ സംഘടിപ്പിക്കുകയും അദ്ദേഹത്തിന്റെ ശ്രമഫലമായി ഈ വർഷം അവിടെ പത്ത് ബയ്അത്തുകളുണ്ടാവുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ഇപ്പോൾ ജമാഅത്തിന്റെ അംഗസംഖ്യ ഒരുപാട് വർദ്ധിച്ചിട്ടുണ്ട്.

ലക്സംബർഗി (Luxembourg) ലും കൂടുതൽ ബയ്അത്തുകൾ നടന്നു.

**പുതിയ ജമാഅത്തുകൾ; ഇന്ത്യ മുന്നിൽ**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാകിസ്ഥാനു പുറമെ ഈ വർഷം ലോകത്ത് മൊത്തം 653 പുതിയ ജമാഅത്തുകൾ സ്ഥാപിതമായിട്ടുണ്ട്. ഇതിനു പുറമെ 631 പുതിയ സ്ഥലങ്ങളിൽ ആദ്യമായിട്ട് അഹ്മദിയ്യത്തിന്റെ ചെടി നടാനും കഴിഞ്ഞിട്ടുണ്ട്. പുതിയ ജമാഅത്തുകളുടെ രൂപീകരണത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. 154 പുതിയ ജമാഅത്തുകളാണ് ഇവിടെ സ്ഥാപിതമായത്. രണ്ടാം സ്ഥാനത്ത് ബെനിൻ (Benin). ഇവിടെ 97 സ്ഥലങ്ങളിൽ ജമാഅത്ത് സ്ഥാപിതമായി. 71 സ്ഥലങ്ങളിൽ പുതിയ ജമാഅത്തുകൾ സ്ഥാപിച്ചുകൊണ്ട് നൈജീരിയ മൂന്നാം സ്ഥാനത്തുണ്ട്. ഗാംബിയ- 50, ഐവറികോസ്റ്റ് 34, സിറാലിയൂൺ-28, ബുർക്കിനാഫാസോ- 28, സൊമാലിയ- 21, മാലി- 21, എത്യോപിയ-20, ഘാന- 16, മഡ്ഗാസ്കർ- 16, കോംഗോ-13, ഇന്തോനേഷ്യ- 11. ഇപ്രകാരംതന്നെ 15 മറ്റു രാജ്യങ്ങളിലും ചെറിയതോതിലാണെങ്കിലും ജമാഅത്തുകൾ സ്ഥാപിതമായിട്ടുണ്ട്. സൊമാലിയായിലും മാലിയിലും ജമാഅത്ത് രൂപീകരിക്കുക എന്നത് എളുപ്പമല്ലായിരുന്നു. അല്ലാഹുവിന്റെ വലിയ അനുഗ്രഹം കൊണ്ടാണ് അവിടെ ജമാഅത്ത് സ്ഥാപിതമായത്.

**വിശ്വാസത്തെ ശക്തിപ്പെടുത്തുന്ന സംഭവങ്ങൾ**

പുതിയ ജമാഅത്ത് സ്ഥാപിതമായ സ്ഥലങ്ങളിൽ ഉണ്ടായിട്ടുള്ള ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളിൽ ഒന്ന് ബെനിനിലെ അമീർ സാഹിബ് ഇങ്ങനെ എഴുതിയറിയിക്കുന്നു. 'മൊനു, കോംഫോ എന്നീ സ്ഥലങ്ങൾ ബഹുദൈവാരാധകരുടെ സങ്കേതമാണ്. ഈ ഏരിയായിലെ ഒരു പട്ടണമാണ് വിദാ. ഇവിടെ ബഹുദൈവാരാധകരുടെ വാർഷികാഘോഷം നടക്കാറുണ്ട്. കഴിഞ്ഞ വർഷം ഇത്തരം ഒരു സ്ഥലത്ത് നമ്മൾ തബ്ലീഗ് പ്രവർത്തനം നടത്തിയെങ്കിലും വിജയം കണ്ടില്ല. എന്നല്ല, ഒരുപ്രാവശ്യം അടിപിടിവരെ സംഗതി എത്തിയിരുന്നു. 2005-ൽ ഞാൻ അവിടെ പര്യടനം നടത്തിയപ്പോൾ ആ പ്രദേശത്ത് വെറും മൂന്ന് ജമാഅത്തേ ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം ഒരുപാടാളുകൾ വരികയും തബ്ലീഗ് ചർച്ചകൾ നടക്കുകയും ചെയ്തു. ടെലിവിഷനിലും പത്രങ്ങളിലും വാർത്തകൾ വന്നു. തൽഫലമായി തബ്ലീഗ് ബന്ധം പുനഃസ്ഥാപിച്ചു. അദ്ദേഹം പറയുന്നു. അതിന്റെ ഫലമായി ഗ്രാമങ്ങൾ ഒന്നടങ്കം അഹ്മദിയ്യത്ത് സ്വീകരിക്കാൻ തുടങ്ങി. 57 പുതിയ ജമാഅത്തുകൾ രൂപീകരിച്ചു. അവരിൽ അധികവും ബഹുദൈവാരാധകരിൽനിന്ന് വന്നവരാണ്. അതായത്, അവർ ഏകനായ അല്ലാഹുവിന്റെ നാമം സ്മരിക്കാൻ തുടങ്ങി. ഇമാമോടും പള്ളിയോടുമൊപ്പമാണ് മുസ്ലിംകൾ ജമാഅത്തിൽ പ്രവേശിച്ചത്.

മുബല്ലിഗ് ഇൻ ചാർജ്ജ് സാഹിബ് നൈജീരിയ എഴുതുന്നു: നവഅഹ്മദികളുടെ ഒരു പ്രദേശത്ത് റഫ്റഷർ കോഴ്സ് ഉദ്ഘാടന പരിപാടിയിൽ അവിടുത്തെ ചീഫ് സന്നദ്ധനായിരുന്നു. അദ്ദേഹം ജമാഅത്തിന്റെ പരിപാടികളെ അങ്ങേയറ്റം അനുമോദിച്ചു. നമ്മുടെ മുബല്ലിഗിനേയും മുഅല്ലിമീംകളേയും തന്റെ സ്ഥലത്തേക്ക് ക്ഷണിച്ചു. രണ്ടാമത്തെ ദിവസം നമ്മുടെ

മുബല്ലിഗ് തന്റെ സഹപ്രവർത്തകരോടൊപ്പം അവിടെ എത്തിയപ്പോൾ അദ്ദേഹം പരസ്യമായിട്ട് പറഞ്ഞു: 'ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ആ നല്ല പരിപാടിയിൽ പങ്കെടുത്തില്ലായിരുന്നെങ്കിൽ എനിക്ക് വലിയ നഷ്ടമുണ്ടാകുമായിരുന്നു.' അങ്ങനെ അദ്ദേഹം എല്ലാവരുടേയും മുമ്പിൽവച്ച് ബയ്അത്ത് ഫോറം പൂരിപ്പിക്കുകയും അഹ്മദിയ്യാ ജമാഅത്തിൽ ചേരുകയും ചെയ്തു. തന്റെ പ്രദേശത്ത് തബ്ലീഗ് ചെയ്യാനുള്ള അനുവാദം അഹ്മദികൾക്കു നല്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 10 ഗ്രാമങ്ങൾ അവിടെ അഹ്മദിയ്യത്തിൽ ചേർന്നു കഴിഞ്ഞു.

ഗാംബിയായുടെ റിപ്പോർട്ടിൽ സയ്ഫുൽ ഹസൻ സാഹിബ് എഴുതുന്നു: ഒരു ഗ്രാമപ്രദേശം ഞങ്ങൾ തബ്ലീഗിനായി തിരഞ്ഞെടുത്തു. ഒരു സംഘം പ്രവർത്തകരോടൊപ്പം ഞാനും അവിടെ പോയി. ആളുകൾ തബ്ലീഗ് കാര്യങ്ങൾ വളരെ താൽപര്യത്തോടെ കേട്ടു. ചോദ്യോത്തരവേളയുടെ അവസാനം 12 ആളുകൾ ബയ്അത്ത് ചെയ്തു. മൂന്നു പ്രാവശ്യം പോയതുകൊണ്ട് മൂന്നുഗ്രാമത്തിൽക്കൂടി അഹ്മദിയ്യത്തിന്റെ ചെടി പിടിക്കുകയും 70 ആളുകൾ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു.

ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ വന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ നല്ലവരാണ്.' അത് താങ്കൾക്കെങ്ങനെ മനസ്സിലായിയെന്ന് മറ്റുള്ളവർ ചോദിച്ചു. പറഞ്ഞു: "ഇവരുടെ മുഖം തന്നെ സാക്ഷി പറയുന്നുണ്ട് ഇവർ സത്യവാന്മാരാണെന്ന്. ഇവരുടെ സന്ദേശവും സത്യമാണ്. അതുകൊണ്ട് ബയ്അത്ത് ചെയ്യുക."

**ബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നു; ഘാന മുന്നിൽ**

കഴിഞ്ഞവർഷം ജമാഅത്തിൽ ധാരാളം ആളുകൾ ചേർന്നുവെങ്കിലും നവഅഹ്മദികളുമായിട്ടുള്ള ബന്ധം വളരെ ബലഹീനമായിരുന്നു. ജമാഅത്തിന് അവരുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞില്ല. 2008-നുള്ളിൽ കുറഞ്ഞത് 70% ആളുകളുമായിട്ടെങ്കിലും ബന്ധം സ്ഥാപിക്കണമെന്ന് ഞാൻ പറഞ്ഞിരുന്നു. ബയ്അത്ത് ചെയ്യിക്കുക എന്നതല്ല യഥാർത്ഥ ജോലി, തർബിയ്യത്ത് കൊടുക്കുക എന്നതാണ്. അങ്ങനെ ജമാഅത്ത് വീണ്ടും അവരുമായി ബന്ധപ്പെട്ടതിന്റെ ഫലമായിട്ട് വളരെയധികം മാറ്റം വന്നിട്ടുണ്ട്. ഘാന അഹ്മദിയ്യാ ജമാഅത്ത് ഈ രംഗത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചു. 98,000 നവ അഹ്മദികളുമായി നടപ്പുവർഷം അവർ ബന്ധം പുനഃസ്ഥാപിച്ചു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ആറുലക്ഷത്തി നാലായിരം നവ അഹ്മദികളുമായിട്ടാണ് ബന്ധം പുനഃസ്ഥാപിക്കാൻ അവർക്ക് കഴിഞ്ഞത്. ഇതിന്റെ ഫലമായിട്ട് ജമാഅത്തിന്റെ സംഘടനാശക്തി വളരെ വർദ്ധിച്ചിട്ടുണ്ട്.

നൈജീരിയായും ഈ വർഷം 1,40,000 നവ അഹ്മദികളുമായിട്ട് ബന്ധം സ്ഥാപിച്ചു. അവിടെ 71 പുതിയ ജമാഅത്തുകൾ നിലവിൽവന്നു. അവർ ചന്ദയും കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്. ഇപ്രകാരം മൊത്തം 2,68,000 നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. എല്ലായിടത്തും നാം ചെയ്യേണ്ട ഏറ്റവും വലിയ പ്രവൃത്തിയാണിത്.

ബുർക്കിനാഫാസോയിലും ഈ വർഷം 11,500 നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചു. തജ്നീദും ബഡ്ജറ്റുമെല്ലാം തയ്യാറായി വരുന്നു. ഇങ്ങനെ 1,80,000 നവഅഹ്മദികളുമായിട്ടാണ് അവർ ബന്ധപ്പെട്ടത്.

ഐവറികോസ്റ്റും നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചിരിക്കുന്നു. ആഭ്യന്തരയുദ്ധത്തിനുശേഷം അവിടവുമായിട്ടുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരുന്നു. ഇപ്പോൾ 64,000 നവ അഹ്മദികളുമായി നാം ബന്ധം സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു.

സിറാലിയോണിൽ 31,909 നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചു. ഇവരിലൊരുവിഭാഗം ചന്ദ വ്യവസ്ഥിതിയിൽ ചേർന്നുകഴിഞ്ഞിരിക്കുന്നു. ചന്ദവ്യവസ്ഥിതിയിൽ അഹ്മദികൾ പങ്കെടുക്കാൻ തുടങ്ങിയാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ നഷ്ടപ്പെടുകയില്ലെന്ന സമാധാനമുണ്ടാകുന്നു.

ഇന്ത്യയിൽ 27,000 നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചു. ഈ രംഗത്ത് പ്രവർത്തനം തുടർന്നുവരുന്നു. ബംഗ്ലാദേശുകാർ വളരെ ഭയപ്പെട്ടിരുന്നു. നവഅഹ്മദികളുമായിട്ടുള്ള അവരുടെ ബന്ധം വളരെ ദുർബലമായിരുന്നു. ഇക്കാര്യത്തെക്കുറിച്ച് കഴിഞ്ഞവർഷം ഞാനവർക്ക് പ്രത്യേകം നിർദ്ദേശം കൊടുത്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആറായിരത്തിലേറെ നവഅഹ്മദികളുമായി ഇപ്പോൾ അവർ ബന്ധം പുനഃസ്ഥാപിച്ചിരിക്കുന്നു. അവരെല്ലാം ദൃഢചിത്തരാണ്.

കിനിയ 240 ഗ്രാമങ്ങളിലെ 33,609 നവഅഹ്മദികളുമായും എത്യോപ്പിയ 25 ഗ്രാമങ്ങളിലുള്ള 7,202 നവഅഹ്മദികളുമായും ബന്ധം പുനഃസ്ഥാപിച്ചു. എത്യോപ്പിയായിൽ 35 തർബിയ്യത്ത് ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ബെനിൻ 51 ഗ്രാമങ്ങളിലെ 26,000 നവഅഹ്മദികളുമായും താൻസാനിയ 4,609 നവഅഹ്മദികളുമായും ലൈബേരിയ 3,009 നവഅഹ്മദികളുമായും മാലി 9 ഗ്രാമങ്ങളിൽനിന്നുള്ള 1500 നവഅഹ്മദികളുമായും ബന്ധം പുനഃസ്ഥാപിച്ചു. താൻസാനിയായുമായിട്ടുള്ള ബന്ധം തികച്ചും അറ്റുപോയിരുന്നു.

ബുർക്കിനാഫാസോയിലെ മുബല്ലിഗ് മുഹിബുല്ലാഹ് സാഹിബ് പറയുന്നു: "ഞാൻ മുഅല്ലിമുമൊത്ത് കായിയ എന്ന പട്ടണത്തിൽനിന്ന് 150 കിലോമീറ്റർ ദൂരെ വനപ്രദേശത്തുള്ള ഒരു ഗ്രാമത്തിൽ പോയി. ഗ്രാമവാസികൾ ഞങ്ങളെ കണ്ട് തടിച്ചുകൂടി. നല്ല തബ്ലീഗിനുള്ള അവസരം കിട്ടിയല്ലോ എന്നോർത്ത് ഞങ്ങൾ സന്തോഷിച്ചു. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗാണെന്നും മഹ്ദി ഇമാമിന്റെ സന്ദേശവുമായിട്ടാണ് ഞങ്ങൾ വന്നിരിക്കുന്നതെന്നും പറഞ്ഞപ്പോൾ അവർ പറഞ്ഞു: ഇന്നേക്ക് 11 വർഷം മുമ്പേ മുറബ്ബി ത്വാരിഖ് മുഹമ്മദ് സാഹിബ് ഇവിടെ വരികയും അദ്ദേഹം മുഖേന ജമാഅത്തിന്റെ സന്ദേശം സ്വീകരിക്കുകയും ചെയ്തവരാണ് ഞങ്ങൾ. നിങ്ങൾ ഇത്രയും കാലം എവിടെയായിരുന്നു?" ഇനിയെങ്കിലും ഞങ്ങളുമായിട്ടുള്ള ബന്ധം വിച്ഛേദിക്കരുതെന്ന് അവർ അവരോട് അപേക്ഷിച്ചു. അങ്ങനെ ഇവിടേയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുമായി ബന്ധപ്പെടാനും ജമാഅത്ത് സ്ഥാപിക്കാനും കഴിഞ്ഞു.

ഇത് അവരുടെ ഈമാന്റെ ശക്തിയാണ്. 11 വർഷംവരെ ഒരു മുബല്ലിഗും അവിടെ ചെല്ലാതിരുന്നിട്ടും അവർ തങ്ങൾ സ്വീകരിച്ച സന്ദേശത്തിൽ ഉറച്ചുനിന്നു.

**പള്ളികളുടെ നിർമ്മാണം ത്വരിതഗതിയിൽ**

ഈ വർഷം ജമാഅത്തിന് 299 പുതിയ പള്ളികൾ ലഭിച്ചു. 169 പള്ളികൾ നാം നിർമ്മിച്ചതാണ്. ബാക്കി 130 പള്ളികൾ മുസ്‌ലിംകളോടൊപ്പം നമുക്ക് കിട്ടിയതാണ്.

ഇപ്രകാരംതന്നെ അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ പള്ളികൾ നിർമ്മിച്ചുവരുന്നു. പള്ളിനിർമ്മാണത്തിലേ

ക്കുള്ള ജമാഅത്തിന്റെ ശ്രദ്ധ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. ഓരോ രാജ്യവും ഉത്സാഹത്തോടുകൂടി പള്ളിനിർമ്മാണം നടത്തിവരുന്നു. പള്ളിയുടെ നിർമ്മാണം ഈ നിലയിൽ മുന്നോട്ടുപോയാൽ ഇൻശാഅല്ലാഹുതആല ഇതുതന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം എത്താനുള്ള മാർഗ്ഗമായിത്തീരും.

ഇന്തോനേഷ്യയിലും ശക്തമായ എതിർപ്പുണ്ടായിട്ടും മൂന്ന് പള്ളികൾ നിർമ്മിക്കാനുള്ള സൗഭാഗ്യം അവർക്ക് കിട്ടി. ബംഗ്ലാദേശിൽ ആറു പള്ളികളുടെ നിർമ്മാണം പൂർത്തിയായി. മൗലവിമാർ ലാത്തിയുമായി അഹ്മദികളെ ആക്രമിക്കാൻ വരുന്നതും കല്ലെറിയുന്നതും പള്ളികളുടെ ചില്ലുകൾ തകർക്കുന്നതുമൊക്കെ എം.ടി.എ. സംപ്രേഷണം ചെയ്യുന്ന ഒരു ക്ലിഫിലൂടെ നിങ്ങൾ കാണാറുള്ളതാണ്. ഇതാണ് ബംഗ്ലാദേശിന്റെ അവസ്ഥ. പക്ഷേ, ഇങ്ങനെയൊക്കെയായിട്ടും അവിടുത്തെ ജമാഅത്തുകൾക്ക് അല്ലാഹു ഈമാനിൽ ശക്തി നല്കിയിരിക്കുന്നു. അവർ പള്ളികൾ നിർമ്മിച്ചുകൊണ്ടേപോകുന്നു.

നൈജിരിയായിലും ഈ വർഷം 28 പുതിയ പള്ളികൾ നിർമ്മിക്കാൻ കഴിഞ്ഞു. ഇപ്രകാരംതന്നെ സൗത്താഫ്രിക്കയുടെ അയൽരാജ്യമായ സ്വാസിലാന്റിലും ലസോതോയിലും പള്ളി പണിയാൻ ഭാഗ്യം ലഭിച്ചതിനെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

സിറാലിയൂണിൽ 24 പള്ളികളുടെ വർദ്ധനയാണ് ഈ വർഷം ഉണ്ടായത്. ഇങ്ങനെ പള്ളികളുടെ പട്ടിക വളരെ ദീർഘമാണ്.

#### 'മിനാരം' ഭയപ്പെടുന്നവർ

മുബല്ലിഗ് ഇൻചാർജ് സദാഖത്തുസാഹിബ് എഴുതുന്നു: സ്വിറ്റ്സർലാന്റിൽ മിനാരം പണിയുന്നതിന്നെതിരിൽ വൻപ്രതിഷേധമാണ് നടക്കുന്നത്. യൂറോപ്പിൽ പൊതുവെ ജനങ്ങൾ പള്ളിയുടെ മിനാരത്തെ ഭയപ്പെടുന്നവരാണ്. രണ്ട് രാഷ്ട്രീയ പാർട്ടികൾ പ്രത്യേകമായിട്ട് മിനാരം പണിയുന്നതിന്നെതിരെ രംഗത്തുണ്ട്. മാധ്യമരംഗത്തെ വിവിധ പ്രതിനിധികൾ സ്വന്തം നിലയിൽ ഇതുസംബന്ധമായി ഒരു സർവ്വേ നടത്തുകയുണ്ടായി. നമ്മുടെ പരിസരവാസികളോടും ചുറ്റുപാടുമുള്ള കടക്കാരോടും ബസ്സ്റ്റോപ്പിലുണ്ടായിരുന്നവരോടും തൊട്ടടുത്ത ക്രിസ്ത്യൻ പള്ളിക്കാരോടെല്ലാം അവർ വിവിധ ചോദ്യങ്ങൾ ചോദിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും ഐകകണ്ഠ്യേന പറഞ്ഞത് ഈ പള്ളിയോടോ ഇതിന്റെ മിനാരത്തോടോ തങ്ങൾക്ക് ഒരു വെറുപ്പുമില്ലെന്നും ഈ പള്ളിയിൽ വരുന്നവർ സമാധാനപ്രേമികളാണെന്നു മായിരുന്നു. കാരണം യഥാർത്ഥ ഇസ്ലാമിന്റെ ധ്വജവാഹകരാണവർ.

#### ഒന്നിനു പകരം നാല്

നൈജിരിയായിലെ അക്ബർ അഹ്മദ് സാഹിബ് എഴുതുന്നു: ധൂപൂനാമി ഗ്രാമത്തിൽ ഒരു പള്ളിനിർമ്മാണം തുടങ്ങി. അതിന്റെ മെയിൻ വാർപ്പ് കഴിഞ്ഞിരുന്നു. അപ്പോൾ അവിടുത്തെ ഒരു മൗലവി തന്റെ സ്ഥലത്താണ് പള്ളി പണിയുന്നതെന്ന് പറഞ്ഞ് കോടതിയിൽ കേസ് കൊടുത്തു. അങ്ങനെ കോടതി പള്ളിനിർമ്മാണം സ്റ്റേ ചെയ്തു. ആ പള്ളിനിർമ്മാണം നിലച്ചുവെങ്കിലും പ്രസ്തുത പ്രദേശത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാല് പള്ളികൾ പണിയാൻ നമുക്ക് സൗഭാഗ്യം കിട്ടി. ഇതിന്റെ മൊത്തം സ്ഥലം 47,000 ചതുരശ്ര മീറ്ററിൽ കൂടുതലാണ്.

#### മിഷൻ ഹൗസുകളിലും വർദ്ധന

മിഷൻ ഹൗസുകളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. 186 മിഷൻഹൗസുകളാണ് ഈ വർഷം വർദ്ധിച്ചത്. കഴിഞ്ഞവർഷത്തെ ഉൾപ്പെടുത്തിപ്പറഞ്ഞാൽ 97 രാജ്യങ്ങളിൽ മിഷൻഹൗസുകളുടെ മൊത്തം എണ്ണം 1869 ആയിക്കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ജമാഅത്തുകളാണ് ഇതിൽ മുൻപന്തിയിൽ നില്ക്കുന്നത്. അവിടെ 82 തബ്ലീഗ് കേന്ദ്രങ്ങൾ ഈ വർഷം വർദ്ധിച്ചു. ഇവിടുത്തെ മൊത്തം തബ്ലീഗ് കേന്ദ്രങ്ങൾ 504 ആയിക്കഴിഞ്ഞു.

ഇപ്രകാരം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മിഷൻഹൗസുകളും സെന്ററുകളും സ്ഥാപിച്ചുവരുന്ന മറ്റൊരുപാട് രാഷ്ട്രങ്ങളുമുണ്ട്.

### പ്രിന്റിംഗ് പ്രസ്സ്

റഖീം പ്രസ്സ് ഇവിടെയും ഇതേപേരിൽ ആഫ്രിക്കൻ രാഷ്ട്രങ്ങളിലും പ്രവർത്തിച്ചുവരുന്നുണ്ട്. യു.കെയിലെ പ്രസ്സിന്റെ മേൽനോട്ടത്തിലാണ് ഇവയുടെ പ്രവർത്തനം നടക്കുന്നത്. എട്ടു രാഷ്ട്രങ്ങളിൽ ഈ പ്രസ്സ് ഇപ്പോൾ സ്ഥാപിതമായിക്കഴിഞ്ഞു. ഘാന, നൈജീരിയ, തൻസാനിയ, സിറാലിയോൺ, ഐവറികോസ്റ്റ്, കെനിയ, ഗാംമ്പിയ, ബുർക്കിനാഫാസോ. ഇതിൽ ഒരിടത്ത് ഇപ്പോൾ പ്രസ്സ് സ്ഥാപിച്ചുവരുന്നു. മറ്റുള്ള എല്ലായിടത്തും തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ സാഹിത്യങ്ങളെല്ലാം അച്ചടിക്കുന്നത് നമ്മുടെ പ്രസ്സിൽത്തന്നെയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: മറ്റു ജനങ്ങളും അച്ചടിശാലകളെ പ്രയോജനപ്പെടുത്താറുണ്ട്. പക്ഷേ, അവരുടെ ഉദ്ദേശ്യം ഭൗതികവും നിലനില്ക്കാത്തതുമാണ്. എന്നാൽ, നമ്മുടേത് ദീനീപരമായ ഉദ്ദേശ്യങ്ങളാണ്. അതുകൊണ്ട് ഇക്കാലത്തെ അത്ഭുതങ്ങളിൽപ്പെട്ട ഈ അച്ചടിശാലകൾ വാസ്തവത്തിൽ നമുക്കുവേണ്ടിയുള്ള സേവകരാണ്."

വിവിധ സ്ഥലങ്ങളിൽ അച്ചടിശാലകൾ നടത്താൻ അല്ലാഹു നമുക്ക് സൗഭാഗ്യം നല്കി. ബുർക്കിനാഫാസോയിൽ പുതിയതായി തുടങ്ങിയ പ്രസ്സിന്റെ പേര് നൂറുൽഇസ്ലാം പ്രിന്റിംഗ് പ്രസ്സ് എന്നാണ്. അവിടുത്തെ പ്രിന്റിംഗ് വളരെ നല്ല നിലവാരത്തിലുള്ളതാണ്. അതുകൊണ്ട് മറ്റു കമ്പനിക്കാർ അവരുടെ അച്ചടിജോലികളും ഈ പ്രസ്സിൽനിന്ന് ചെയ്യിക്കാൻ തുടങ്ങിയിരിക്കുന്നു. ഫ്രാൻസിന്റെ ഒരു കമ്പനിയായ എയർഫ്രാൻസ്, ഡയരക്ടർ ജമാഅത്തിനയച്ച ഒരു കത്തിൽ എഴുതി: "ബുർക്കിനാഫാസോയിൽ ഈ നിലവാരത്തിലുള്ള അച്ചടി ജോലി നടക്കുമെങ്കിൽ, ഇനി ഞങ്ങൾക്ക് പാരീസിൽ പോകേണ്ട ആവശ്യമില്ല." ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ എല്ലാ ജോലികളും നമ്മുടെ പ്രസ്സിൽനിന്നാണ് ചെയ്യിക്കുന്നത്. ഇതുമുഖേന ബന്ധങ്ങളും വർദ്ധിക്കുന്നു. അത്തഖ്വായും, ഫ്രഞ്ചുഭാഷയിലുള്ള റിവ്യൂ ഓഫ് റിലീജിയൻസും ഇവിടെനിന്നാണ് പ്രസിദ്ധീകരിക്കുന്നത്. ഘാനയിൽ, പ്രസ്സിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. പുതിയ പ്രിന്റിംഗ് മിഷ്യൻ വന്നുകഴിഞ്ഞു. ഗാംമ്പിയായിലും പ്രസ്സ് പ്രവർത്തിച്ചുവരുന്നു. സിറാലിയൂണിലെ നമ്മുടെ പ്രസ്സിൽനിന്ന് യുനിസെഫ് കുട്ടികൾക്കായുള്ള നിരവധി പുസ്തകങ്ങൾ അച്ചടിച്ചു. ഐവറികോസ്റ്റിലെ പ്രസ്സും മാശാഅല്ലാഹ്, രാജ്യത്തിന്റെ അവസ്ഥ മോശമായിട്ടും വളരെ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. ഫ്രഞ്ചുഭാഷയിലുള്ള റിവ്യൂ ഓഫ് റിലീജ്യൻസ് ഇവിടെനിന്നുമാണ് പ്രസിദ്ധീകരിക്കുന്നത്. അബീജാനിൽ രസകരമായ ഒരു സംഭവം നടന്നു. "ക്രിസ്ത്യാനി നടത്തുന്ന വലിയൊരു പ്രസ്സുണ്ടിവിടെ. ലെൻതരേ എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം എന്തോ ജോലി ആവശ്യാർത്ഥം നമ്മുടെ പ്രസ്സിൽ

വന്നു. ആ നേരത്ത് നമ്മുടെ പ്രസ്സിൽ ണവല്യല റശറ ഖലൌെ ഉശല എന്ന പുസ്തകത്തിന്റെ ഫ്രഞ്ചുഭാഷയിലുള്ള വിവർത്തനത്തിന്റെ പ്രിന്റിംഗ് നടന്നുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം ആ വിഷയം ഒന്ന് ഓടിച്ചുനോക്കി. പിന്നീട്, മാൻസ്ക്രിപ്റ്റ് വായിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. അതു മുഴുവനും വായിച്ചു. എന്നിട്ട് പറഞ്ഞു: ഈ പുസ്തകം അച്ചടിക്കാനുള്ള പേപ്പർ മാത്രം നിങ്ങളെടുത്താൽമതി, ബാക്കിവരുന്ന ചെലവുകളെല്ലാം ഞാൻ വഹിക്കുന്നതാണ്. ഞാനിത് അയ്യായിരം കോപ്പി പ്രസിദ്ധപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്; എന്റെ ക്രിസ്തീയ സുഹൃത്തുക്കളെ ഇതിലൂടെ കൊല്ലാൻ ഞാനാഗ്രഹിക്കുന്നു. നൈജീരിയായിലെ പ്രസ്സും അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്.

## പ്രസിദ്ധീകരണങ്ങൾ

പ്രസിദ്ധീകരണവിഭാഗത്തിന്റെ പ്രവർത്തനഫലമായി നടപ്പുവർഷം ബുർക്കിനാഫാസോയിലെ 'വേരെ' ഭാഷയിൽ വിശുദ്ധ ഖുർആന്റെ തർജമ പ്രസിദ്ധീകരിക്കാൻ അല്ലാഹു സൗഭാഗ്യം നല്കി. ഇപ്രകാരം ഗാംമ്പിയായിലെ മൂന്നു ഭാഷകളിലും വിശുദ്ധഖുർആൻ പ്രസിദ്ധീകരിച്ചു. ഇപ്പോൾ മൊത്തം അല്ലാഹുവിന്റെ അനുഗ്രഹത്താൽ 64 ഭാഷകളിൽ നാം വിശുദ്ധഖുർആന്റെ തർജമ പുറത്തിറക്കിക്കഴിഞ്ഞു. 'വേരെ' ഭാഷയിൽ ആദ്യത്തെ ഖുർആൻ വിവർത്തനമാണ് നമ്മൾ പ്രസിദ്ധീകരിച്ചത്. ഇത് പൂർത്തിയാക്കാൻ 10,12 വർഷം വേണ്ടിവന്നു. ബുർക്കിനാഫാസോയിലെ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പാൾ പുനഃപരിശോധന നടത്തുകയും അങ്ങനെ ഇതിൽ ഒരുപാട് സഹായിക്കുകയും ചെയ്തു. ഇപ്രകാരംതന്നെ വിദ്രാഗു കരീം സാഹിബ്, അൽഹാജ് വിദ്രാഗു ജിബ്‌രായീൽ സാഹിബ്, സോനു സൽഫ്സാഹിബ്, സോൻസു സയീഫുൻ സാഹിബ്, അബ്ദുർറസ്സാഖ് സാഹിബ്, അൽഹാജ് ഖാസിം സാൻഫുസാഹിബ് തുടങ്ങിയവരെല്ലാം ഈ തർജമ പുറത്തിറക്കാൻ വലിയ സഹായമാണ് ചെയ്തത്.

ഇൻഡോനേഷ്യൻ ഭാഷയായ ജാഗനീസിൽ, ആദ്യത്തെ പത്തു ജുസുവിന്റെ തർജമയടങ്ങുന്ന ഒന്നാം വാള്യവും തായ്‌ലാന്റിലെ ഭാഷയായ തായിയിൽ ആദ്യത്തെ 20 ജുസുവിന്റെ തർജമയടങ്ങുന്ന രണ്ടാംവാള്യവും പ്രസിദ്ധീകരിച്ചുകഴിഞ്ഞു. മ്യാൻമാറിലെ ഭാഷയായ ബൊർമിയിൽ ആദ്യത്തെ പത്തു ജുസുവിന്റെ തർജമ ഇറങ്ങിക്കഴിഞ്ഞു. ഇതിനുപുറമെ 18 ഭാഷകളിൽ വിശുദ്ധഖുർആന്റെ തർജമ തയ്യാറായിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലൂടെ അത് കടന്നുവരുന്നു. ചിലതിന്റെ പുനഃപരിശോധന നടക്കുന്നു. അറബിമൂലം തുടങ്ങിയവ പേസ്റ്റു ചെയ്തുവരുന്നു. ഇൻശാഅല്ലാഹ് ഇവ എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതാണ്. ഇതിനുപുറമെ, 11 ഭാഷയിൽ വിശുദ്ധഖുർആന്റെ തർജമ നടന്നുവരുന്നു. നടപ്പുവർഷം വിശുദ്ധഖുർആന്റെ റഷ്യൻഭാഷയിലുള്ള വിവർത്തനവും പുനഃപ്രസിദ്ധീകരിച്ചിരുന്നു. മുമ്പേ ഈ തർജമ പ്രസിദ്ധീകരിച്ചിരുന്നതാണ്. പക്ഷേ, ഇപ്പോൾ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ തർജമയിൽനിന്നും ചിലതെടുത്തു ചേർത്തിട്ടുണ്ട്. മുബല്ലിഗ് സാഹിബിനോടൊപ്പം നമ്മുടെ റഷ്യൻ മുഅല്ലിം റുസ്തം ഹസാദ് ഒലി സാഹിബും, റാവേൽ ബുഖാരി സാഹിബും ഇതിനുവേണ്ടി പ്രവർത്തിക്കുന്നു.

ഇപ്രകാരംതന്നെ വിവിധ ഭാഷകളിൽ സാഹിത്യങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിച്ചു. അൽവസിയ്യത്തിന്റെ തർജമ, നോർവീജിയൻ ഭാഷയിലും ബർവി ഭാഷയിലും പ്രസിദ്ധീകരിച്ചു. പത്തുഭാഷകളിൽ ഇപ്പോൾ അൽവസിയ്യത്തിന്റെ തർജമ പുറത്തുവന്നുകഴിഞ്ഞു.

ബയ്അത്ത് നിബന്ധനകളെക്കുറിച്ച് ഞാൻ ചെയ്ത ഖുത്ബകൾ ഈ വർഷം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ ഇംഗ്ലീഷ് തർജമയും പൂർത്തിയായിക്കഴിഞ്ഞു. ഫ്രഞ്ചുഭാഷയിലും ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു.

ഡാനിഷ് പത്രങ്ങളിലും എന്റെ ഖുത്ബകൾ വന്നിരുന്നു. അതിന്റെ തർജമയും അറബി, ഫ്രാൻസീസി, ഫ്രഞ്ച് ഭാഷകളിൽ പ്രസിദ്ധീകരിച്ചു.

എസ്സൻസ് ഓഫ് ഇസ്‌ലാം, വാള്യം 5, ദാവൂദ് അഹ്മദ് സാഹിബ് തയ്യാറാക്കിയ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) സ്വന്തം തൂലികയിലൂടെ എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് തർജമയാണിത്. ഈ വാള്യത്തിൽ മുഅ്ജിസാത്, ദൃഷ്ടാന്തങ്ങൾ, പ്രവചനങ്ങളെക്കുറിച്ചുള്ള ഉദ്ധരണികൾ ചേർത്തിരിക്കുന്നു. ഇത് ഇംഗ്ലീഷിലേക്ക് ഭാഷാന്തരം ചെയ്തത് ഡാക്ടർ സലീമുർറഹ്മാനാണ്. ചൗദരി മുഹമ്മദ് അലി സാഹിബിന്റെ മേൽനോട്ടത്തിലാണ് ഇതിന്റെ പുനഃപരിശോധന നടന്നത്. ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ ലക്ചർ സിയാൽക്കോട്ട് എന്ന ഉർദു ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് തർജമ പ്രസിദ്ധീകരിച്ചു. 1904 നവംബർ 2–ന് സിയാൽക്കോട്ടിലെ ഹിന്ദുക്കളും മുസ്‌ലിംകളും പങ്കെടുത്ത ഒരു യോഗത്തിൽ വായിക്കപ്പെട്ടതാണ് ഈ ഗ്രന്ഥം. ഇസ്‌ലാമിനെ മറ്റു മതങ്ങളുമായിട്ട് താരതമ്യം ചെയ്തുകൊണ്ടുള്ള ഗ്രന്ഥമാണിത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളായ സരൂരത്തുൽ ഇമാം, എക് ഗല്തീ കാ ഇസാല, മിഅ്യാറുൽ മദാഹിബ്, ബർക്കാത്തുദുആ എന്നിവയുടെ ഇംഗ്ലീഷ് പരിഭാഷ പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. പേഗാമെ സുൽഹ് എന്ന ഗ്രന്ഥം പുനഃതർജമ ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇസ്‌ലാം റെസ്പോൺസ് ടു കണ്ടമ്പ്രറി ഇഷ്യൂസ് നാലാംപതിപ്പ് മനോഹരമായ നിലയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഈ മേശപ്പുറത്തിരിക്കുന്ന എല്ലാ ഗ്രന്ഥങ്ങളും ഈ വർഷം പ്രസിദ്ധീകരിച്ചതാണ്.

അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് ഹദ്റത്ത് ഖലീഫത്തുൽ റാബിഅ്(റഹ്) ഖുത്ബകളിലൂടെ കൊടുത്ത മറുപടിയാണ് 'ഖിർതാസെ അബ്യള്' എന്ന് പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ കുറച്ച് ഭാഗം മുമ്പേ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇപ്പോൾ നാല് ഖുത്ബകളുടെ പരിഭാഷകൂടി പുറത്തിറക്കി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും ഇന്ത്യയിലെ മുസ്‌ലിംകളും, അഹ്മദിയ്യ മുസ്‌ലിംജമാഅത്തും കാശ്മീരിന്റെയും പാലസ്തീനിന്റെയും സ്വാതന്ത്ര്യവും തുടങ്ങിയത് അതിൽ ചിലതാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഉർദു ഗ്രന്ഥമായ 'ഹമാരാ ഖുദാ'യുടെ ഇംഗ്ലീഷ്തർജമ പ്രസിദ്ധീകരിച്ചു, Our God. ഇതിന്റെ തർജമ അത്ര നിലവാരം പുലർത്തുന്നതല്ല. തല്ക്കാലം നമ്മൾ പ്രസിദ്ധീകരിച്ചുവെന്നേയുള്ളു. ഇതിന്റെ പുനഃപരിശോധന നടന്നുവരുന്നുണ്ട്. അത് തീർന്നാൽ വീണ്ടും പ്രസിദ്ധീകരിക്കുന്നതാണ്. ദൈവാസ്തിക്യത്തിനുള്ള തെളിവുകളും നിരീശ്വരവാദത്തെ ഖണ്ഡിച്ചുകൊണ്ടുള്ള ബുദ്ധിപരമായ തെളിവുകളുമാണ് ഇതിൽ നല്കപ്പെട്ടിട്ടുള്ളത്. ചെറുപ്പക്കാർക്ക് അത്യാവശ്യമായിട്ടുള്ള കാര്യങ്ങളാണിതിലുള്ളത്. ഈ ഗ്രന്ഥം തീരെ കഴിഞ്ഞുപോയിരുന്നു. അതാണിപ്പോൾ പുനഃപ്രസിദ്ധീകരിച്ചത്.

സൽമാൻ റുഷ്ദിയുടെ സാത്താനിക് വേർസസിന് മറുപടി Rushdi haunted by his unholyverse ഒരു അധ്യായത്തിന്റെ വർദ്ധ

നവോടെ പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ റവലേഷൻ എന്ന ബൃഹത്ഗ്രന്ഥത്തിന്റെ ഉർദു തർജമ, 'ഇൽഹാം അഖൽ ഇൽമ് ഔർ സച്ചായി' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതും വായിച്ചിരിക്കേണ്ട ഗ്രന്ഥമാണ്.

ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ 'തഹ്രീകെ ജദീദ് ഒരു ഇലാഹി തഹ്രീക്' എന്ന ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗം പ്രസിദ്ധീകരിച്ചു. രണ്ടാം വിഭാഗം തയ്യാറായി വരുന്നു. ത്വാഹിർ ഫൗണ്ടേഷൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ജുമുഅ പ്രഭാഷണങ്ങളും മറ്റു പ്രഭാഷണങ്ങളും പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇപ്രകാരംതന്നെ ഫള്ലെ ഉമർ ഫൗണ്ടേഷൻ, നിസാമെനൗ, 1937-ലെ ഖുത്ബകളടങ്ങിയ ഖുത്ബാതെ മഹ്മൂദ് 17,18 ഭാഗം, ഹസ്തി ബാരീ തആല, ഉസ്വയെ ഹസന ഖിലാഫത്തെ ഹഖ്വ ഇസ്ലാമിയ്യ തുടങ്ങിയ ഗ്രന്ഥങ്ങൾ പുറത്തിറക്കി. സൽമാൻ റുശ്ദിയ്ക്ക് കൊടുത്ത മറുപടിയുടെ ഉർദു പരിഭാഷയും, ചൗദ്വരീ സഫ്റുല്ലാഹ് ഖാൻ സാഹിബിന്റെ 'ഒരു സഹോദരനുള്ള കത്തും' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യുടെ ജുമുഅ ഖുത്ബകളും പ്രസിദ്ധീകരിച്ചു. സഹീഹ് ബുഖാരി ശരീഫിന്റെ മൂന്നാം ഭാഗവും നിസാറത്ത് ഇശാഅത്ത് പുറത്തിറക്കി. ഖലീഫത്തുൽ റാബിഅ്ന്റെ ഖുർആൻ തർജ്ജമയിൽ അധ്യായങ്ങൾക്ക് മുമ്പേ കൊടുത്തിരിക്കുന്ന വിശദീകരണവും പ്രത്യേകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

അഹ്മദിയ്യത്ത് യഅ്നീ ഹഖീഖി ഇസ്ലാം, നബിയോം കസർദാർ, ഹമാര മൗഖഫ്, ദുർറസമീൻ, സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉസ്ലൂബെ ജിഹാദ് തുടങ്ങിയവ ഹിന്ദി ഭാഷയിലും ശറാഇത്തെ ബയ്അത്ത് ഔർ അഹ്മദീ കി ദമ്മദാരിയാൻ, സ്വലാത്ത്, റാവേൽ ബുഖാരി സാഹിബിന്റെ ഖിലാഫത്തിനെ സംബന്ധിച്ചുള്ള ഗ്രന്ഥം തുടങ്ങിയവ ഫ്രഞ്ചുഭാഷയിൽ പുറത്തിറക്കി. ജർമ്മൻ ഭാഷയിൽ കുട്ടികളുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.

അറബിഭാഷയിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ:-

ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ തഫ്സീറെ കബീർ വാള്യം 7ന്റെ തർജമ, ഹദ്റത്ത് ചൗദ്വരി സഫ്റുല്ലാഹ് ഖാൻ(റ) ഹയാത്തെ നൂർ എന്ന ഗ്രന്ഥത്തിന്റെ സംക്ഷിപ്തം പ്രസിദ്ധീകരിച്ചിരുന്നു. മുസ്തഫാ സാബിഖ് സാഹിബ് ചെയ്ത അതിന്റെ തർജമ, ഖലീഫത്തുൽ മസീഹ് റാബിഇന്റെ ഹോമിയോപ്പതി ഗ്രന്ഥത്തിന്റെ തർജമ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സിർറുൽഖിലാഫ എന്ന ഗ്രന്ഥത്തിന്റെ തർജമ, മക്ത്തൂബെ അഹ്മദിന്റെ തർജമ. ചൈനീസ് ഭാഷയിലും ഇൻഡോനേഷ്യൻ ഭാഷയിലും മറ്റുചില ഭാഷകളിലും ചില പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മറാക്കിശിലെ ഡാക്ടർ അബ്ദുസാഹിബ് കബാബിർ അമീർ സാഹിബിന്നെഴുതിയ കത്തിൽ പറയുന്നു: താങ്കളയച്ച ഗ്രന്ഥങ്ങൾ എനിക്കു കിട്ടി. അതിൽ ഇസ്ലാമി ഉസൂൽകി ഫിലാസഫി (ഇസ്ലാം മതതത്ത്വ ജ്ഞാനം) എന്ന ഗ്രന്ഥം മുഴുവനും ഞാൻ വായിച്ചു. ഇത് അഗാധവും അസാധാരണവും ഫലപ്രദവും അങ്ങേയറ്റം ഉയർന്നനിലയിലുള്ളതുമായ ഗ്രന്ഥമാണ്. എന്നല്ല, 'ഇൽമുൽമഖാസിദ്' എന്ന വിഷയത്തിൽ ഞാൻ അതിനെ അങ്ങേയറ്റം മനോഹരവും വിസ്മയകരവുമായി കണ്ടു. കാരണം ഇതിൽ ഗ്രന്ഥകർത്താവ് ശരീരത്ത് കല്പനകളുടെ ഉദ്ദേശ്യത്തേയും അതിന്റെ അടിസ്ഥാനപരമായ കാര്യങ്ങളേയും സംബന്ധിച്ച് പറഞ്ഞിട്ടുള്ളത് അദ്ദേഹത്തിന് മാത്രം അവകാശപ്പെട്ടതാണ്.

"മഹാത്മാക്കളായ ആലിംകൾ ഇസ്ലാമിക ശരീഅത്തിനെ അല്ലാഹുവിൽനിന്ന് വെളിപാട് സിദ്ധിച്ച വ്യക്തികളുടെ ദൃഷ്ടിയിലൂടെ നോക്കിക്കണ്ടിരുന്നു. ആ മഹാത്മാക്കളായ ആലിംകളുടെ പട്ടികയിൽ ഈ ഗ്രന്ഥകർത്താവിനെ ഉൾപ്പെടുത്താൻ ഞാൻ നിർബന്ധിതനായിരിക്കുന്നു; ഒരു സാധാരണ മുസ്ലിമല്ല. ഒരു ആരിഫ് ബില്ലായുടെ മനസ്സിനോടൊപ്പം ഇസ്ലാമിക ശരീഅത്തിന്റെ അടിഭാഗംവരെ എത്തിയിരിക്കുന്ന അദ്ദേഹം ശരീഅത്തിന്റെ ഉദ്ദേശ്യങ്ങൾ മനസ്സിലാക്കാത്തവരിൽപ്പെട്ടയാളല്ല. എനിക്ക് നിങ്ങളോട് ഈ സത്യം പറയാതിരിക്കാൻ വയ്യ. ധർമ്മശാസ്ത്രവിധികളുടെ ഉദ്ദേശ്യത്തെക്കുറിച്ച് അജ്ഞരായവരെ എനിക്ക് പേടിയില്ലായിരുന്നെങ്കിൽ ഈ ഗ്രന്ഥം യൂണിവേഴ്സിറ്റിയിൽ സിലബസ്സായി ഞാൻ നിശ്ചയിക്കുമായിരുന്നു."

മാലിയിലെ ഒരു മുഅല്ലിം എഴുതുന്നു. "ഒരു അറബിസുഹൃത്ത് നമ്മുടെ സാഹിത്യങ്ങൾ വാങ്ങാൻ തയ്യാറായില്ല. ഒരു ദിവസം ഞാൻ അദ്ദേഹത്തിന്റെ മദ്റസയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇസ്ലാമീ ഉസൂൽ കി ഫിലോസഫി (ഇസ്ലാംമതതത്വജ്ഞാനം) എന്ന ഗ്രന്ഥം വെച്ചിട്ടുപോന്നു. കുറച്ചുദിവസത്തിനുശേഷം ഞാൻ അവിടെ പോയി. അപ്പോൾ അദ്ദേഹം പറഞ്ഞു: ഈ ഗ്രന്ഥത്തിന്റെ ഒരു ഭാഗം എന്നെ അഹ്മദിയ്യത്തിലേക്ക് അടുപ്പിച്ചിരിക്കുന്നു. പിന്നീട് അദ്ദേഹം വേറെ ഗ്രന്ഥങ്ങളും വായിക്കുകയും അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തു."

ഡാനിഷ് കാർട്ടൂണിനെ കുറിച്ച് ഞാൻ ചെയ്ത ഖുത്ബകളെ സംബന്ധിച്ച് നൈജിരിയായിലെ മുബല്ലിഗ് എഴുതുന്നു. "ഇതിന്റെ ഇംഗ്ലീഷ് തർജമ സുഹൃത്തുക്കൾക്ക് ഞാൻ വായിക്കാൻ കൊടുത്തു. ഒരു സുഹൃത്തായ ഡാക്ടർ മശ്ഹൂദ് ഈ ഗ്രന്ഥം കിട്ടിയ ഉടനെ വായിക്കാൻ തുടങ്ങി. അഞ്ച് ഖുത്ബകളടങ്ങുന്ന ചെറിയ ഗ്രന്ഥമാണ്. അത് അദ്ദേഹം വായിച്ചുതീർത്തുടനെ എനിക്ക് ഫോൺ ചെയ്തു: "ഞാൻ ഗ്രന്ഥം മുഴുവനും വായിച്ചു. ഈ അഞ്ചു ഖുത്ബകളും മനസ്സിനെ വല്ലാതെ സ്വാധീനിച്ചു. നബി(സ) ന്റെ വ്യക്തിത്വം തിളങ്ങുന്ന ഇത്തരം ഒരു ഗ്രന്ഥം ഇതിനുമുമ്പേ ഞാൻ കണ്ടിട്ടില്ല." (*ഖുർആനിൽനിന്നും ഹദീസുകളിൽനിന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്നുമുള്ള ഒരുപാട് ഉദ്ധരണികൾ അടങ്ങിയതാണ് ഈ ഗ്രന്ഥം.*) "ഓരോ മുസൽമാനും ഈ ഗ്രന്ഥം വായിക്കേണ്ടതാണ്. ഓരോ അമുസ്ലിമിന്റെ കൈയിലും ഈ ഗ്രന്ഥം എത്തേണ്ടതാണ്.'' അദ്ദേഹം വേറെയും ഗ്രന്ഥങ്ങൾ തന്റെ സുഹൃത്തുക്കൾക്കു കൊടുക്കാൻ വാങ്ങിയിരുന്നു. 'ലറീൻ' എന്ന പ്രാദേശിക പത്രത്തിൽ ഖുത്ബകളുടെ പരിഭാഷ ഖണ്ഡശഃ പ്രസിദ്ധീകരിക്കാനും തുടങ്ങി. മൂന്നുഭാഗം പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

എക്സിബിഷൻ ബുക്സ്റ്റാൾ തുടങ്ങിയവയിലൂടെ സാഹിത്യങ്ങളും വിശുദ്ധഖുർആനും വിതരണം ചെയ്തു. 273 എക്സിബിഷനിലൂടെ മൂന്നുലക്ഷത്തിലേറെ ആളുകൾക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ചു. 2861 ബുക്സ്റ്റാൾ സംഘടിപ്പിച്ചു. 55 ബുക്ക് ഫയേർസിൽ പങ്കെടുത്തു. ഇങ്ങനെ 8 ലക്ഷത്തിലേറെ ആളുകൾക്ക് സന്ദേശം എത്തിച്ചു. ലോകജനസംഖ്യ നോക്കുമ്പോൾ ഇത് വളരെ കുറവാണ്. എന്തായാലും പതുക്കെപ്പതുക്കെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ സന്ദേശം വിവിധ രീതിയിൽ എത്തിക്കൊണ്ടിരിക്കുന്നു.

പുറത്തുനിന്നുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് ബയ്ത്തുൽ ഫുതൂഹിൽ സംഘടിപ്പിച്ച യോഗത്തിൽ ഞാൻ ചെയ്ത

'മെസ്സേജ് ഓഫ് പീസ്' എന്ന പ്രഭാഷണം പ്രസിദ്ധീകരിച്ചിരുന്നു. നസീം ബാജ്‌വ സാഹിബ് പറയുന്നു: ഒരു പാതിരി അത് വായിച്ചു. അത് അദ്ദേഹത്തെ വളരെയധികം ആകർഷിച്ചു. അദ്ദേഹം എഴുതിയ കത്തിൽ പറയുന്നു: "ഞാൻ ഈ പ്രഭാഷണത്തിൽ ആകൃഷ്ടനായി ഒരു കോളേജിൽ പ്രസംഗിക്കാൻ ഒരു വിഷയം തയ്യാറാക്കി. അതിൽ വിദ്യാർത്ഥികളോട് പറഞ്ഞു. മാധ്യമങ്ങളിലൂടെ വെളിച്ചത്തുവരുന്ന ഇസ്‌ലാമിനെയാണ് നമ്മൾ കാണുന്നത്. അത് ഭയാനകവും വെറുക്കപ്പെടേണ്ടതുമാണ്. എന്നാൽ, സ്നേഹത്തിന്റേയും ശാന്തിയുടേയും ഐക്യത്തിന്റേയും സന്ദേശം നല്കുന്ന ഒരു ഇസ്‌ലാമുണ്ട്." എന്റെ ഗ്രന്ഥത്തിലെ ഓരോ വാക്കും അദ്ദേഹം തന്റെ പ്രസംഗത്തിൽ പകർത്തിയിരുന്നു. അതാണ് അദ്ദേഹം അവിടെ കേൾപ്പിച്ചത്. ഇത് ഇംഗ്ലീഷുകാർ മാത്രം വസിക്കുന്ന സ്ഥലമാണ്.

ഹൽ യൂണിവേഴ്സിറ്റിയിലെ പ്രഫസ്സറായ ഒരു സ്ത്രീ എക്സിബിഷൻ കണ്ടുകൊണ്ട്, "നിങ്ങളുടെ എക്സിബിഷൻ ഞങ്ങളെ വളരെ ആകർഷിച്ചുവെന്നെഴുതി. എന്നുമാത്രമല്ല അവരുടെ ഇന്റർനേറ്റ് മീറ്റിംഗിൽ ചെന്ന് 'ഇസ്‌ലാമും സമാധാനവും' എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കണമെന്നും ശ്രോതാക്കളുടെ സംശയം ദൂരീകരിക്കണമെന്നും അവർ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു.

നസീം സാഹിബ് എഴുതുന്നു. സ്കൂളിലെ ഒരു ടീച്ചർ നമ്മുടെ എക്സിബിഷൻ കണ്ട് ആകൃഷ്ടയായി. അവർ മൂന്നുപ്രാവശ്യം തന്റെ സ്കൂളിൽ പ്രസംഗിക്കാനായി നമ്മെ ക്ഷണിച്ചു.

വെൽമാ ജാഉ എന്ന ഒരു എഞ്ചിനിയർ പറഞ്ഞു: "അഹ്മദിയ്യാ ജമാഅത്ത് വളരെ നല്ല ജമാഅത്താണ്. മറ്റു മുസ്‌ലിം ജമാഅത്തുകളും അഹ്മദിയ്യാ ജമാഅത്തിന്റെ കാലടിപ്പാടുകളിലൂടെ സഞ്ചരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു."

വേറൊരാളെഴുതി. "ഞാൻ ജമാഅത്തിന്റെ സാഹിത്യങ്ങളും എക്സിബിഷനും കണ്ടു. എല്ലാ മുസ്‌ലിംകളും പരസ്പരം സഹോദരങ്ങളാണ്. പക്ഷേ, അഹ്മദിയ്യാ ജമാഅത്ത് ആത്മീയപരവും ജ്ഞാനപരവുമായ നിലയിൽ ലോകത്തെ മാറ്റിമറിച്ചുവെച്ചിരിക്കുന്നു."

പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കേണ്ടത് അഹ്മദിയ്യാ ജമാഅത്താണ്. അത് മസീഹും മഹ്ദിയുമായി ബന്ധപ്പെട്ടതാണ്.

ഇപ്രകാരം ഇവിടുത്തെ അറബിക് ഡസ്കും ബംഗ്ലാദേശ് ഡസ്കും ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഖുത്ബയുടെ തർജമയും ചെയ്യുന്നു. ഫ്രഞ്ച് ഡസ്കും ചീനീ ഡസ്കും നല്ലനിലയിൽ പ്രവർത്തിക്കുന്നു. ഖുത്ബകളും, ഖലീഫത്തുൽ മസീഹ് റാബിഇന്റെ ചോദ്യോത്തരങ്ങളും മറ്റു ഗ്രന്ഥങ്ങളും, തഫ്സീറുകളും എല്ലാം തർജമ ചെയ്തുകൊണ്ടിരിക്കുന്നു. ഇവരുടെ പ്രവർത്തനം വളരെ വിശാലമാണ്.

എം.ടി.എ ഇന്റർനാഷണലിന് 14 വകുപ്പുകൾ നിലവിൽ വന്നിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ. 114 പുരുഷന്മാരും 42 സ്ത്രീകളും 24 മണിക്കൂറും സേവനം ചെയ്തുവരുന്നു. 'എം.ടി.എ 3 അൽഅറബിയ്യാ' ചാനലും 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഇതിന് ആദ്യം ഒരുപാട് എതിർപ്പുകൾ നേരിടേണ്ടിവന്നു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ കരാർ, കമ്പനിയുമായി ഉറപ്പായിക്കഴിഞ്ഞതാണ്. ഞാൻ അതിനെക്കുറിച്ച് നേരത്തേ പറഞ്ഞിട്ടുള്ളതാണ്.

ഇന്റർനെറ്റിൽ എം.ടി.എയുടെ രണ്ടാമത്തെ ആഡിയോ ചാനൽസ് തുടങ്ങി. ജനപ്രീതി കണ്ടുകൊണ്ട് ഈ വർഷം ഇതിന്റെ ഇംഗ്ലീഷ് ആഡിയോ ചാനലും തുടങ്ങി. ഇംഗ്ലീഷുകാർക്ക് ഇത് പ്രയോജനപ്പെടും.

മുമ്പേ സിഗ്നൽ കിട്ടാതിരുന്ന സ്ഥലങ്ങളിലും ഇപ്പോൾ എം.ടി.എ കിട്ടിത്തുടങ്ങിയിരിക്കുന്നു. ജഅ്ഫർ ബോഗേ സാഹിബ് മാലിയിൽനിന്നെഴുതുന്നു. 'ജീട്ട' ജമാഅത്തിൽ സോളാർ സിസ്റ്റം മുഖേന എം.ടി.എ കാണാനുള്ള സൗകര്യം ഉണ്ടാക്കിയിരിക്കുന്നു.' (*ഈ സോളാർ സിസ്റ്റവും നമ്മുടെ അഹ്മദി എഞ്ചിനീയർമാർ ആഫ്രിക്കയുടെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചതാണ്. അല്ലാഹു അവർക്ക് പ്രതിഫലം നല്കുമാറാകട്ടെ.*) എല്ലാവരും ഖുത്ബകൾ കേൾക്കുന്നു. ചിൽഡ്രൻസ് ക്ലാസുകൾ കാണുന്നു. ലിഖാ മഅൽ അറബ്, അൽഹിവാറുൽ മുബാശിർ തുടങ്ങിയ പരിപാടികൾ മുടങ്ങാതെ കാണുന്നു.

പറയുന്നു: "ആദ്യം ടിവിയിൽ സിനിമകളാണ് ഞങ്ങൾ കണ്ടുകൊണ്ടിരുന്നത്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എം.ടി.എ കിട്ടിത്തുടങ്ങിയതിനുശേഷം എം.ടി.എ. കാണുന്നു. കുട്ടികളുടെ ക്ലാസ്സുകൾ കണ്ടിട്ട് പെൺകുട്ടികൾ തലയിൽ തട്ടമിടാൻ തുടങ്ങിയിരിക്കുന്നു.

എം.ടി.എ മുഖേന ബയ്അത്തുകളും നടന്നിട്ടുണ്ട്. ഏഴുപേരടങ്ങുന്ന ഒരു മറാക്കിശ് കുടുംബം എം.ടി.എ കണ്ട് ഹോളണ്ടിൽ ബയ്അത്ത് ചെയ്തു. ഒരു ഇറാനീ കുടുംബം സ്വീഡനിൽ എം.ടി.എ കണ്ട് അത്ഭുതപ്പെട്ടു. കുട്ടികളുടെ ക്ലാസ്സുകൾ മുടങ്ങാതെ കാണുന്നുവെന്ന് അവർ പറഞ്ഞു. കുട്ടികളുടെ ക്ലാസ്സുകൾ ചിലയിടങ്ങളിൽ വളരെ ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. ഇറാനിൽനിന്ന് വന്ന ഒരു സാഹിബ് പറഞ്ഞു: "തന്റെ ഒരു ഇറാനീ സുഹൃത്ത് കുട്ടികളുടെ ക്ലാസ്സുകൾ കാണാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അത് അവർക്ക് അത്ഭുതകരമായി തോന്നിയിരുന്നു. അവിടെ കുട്ടികളോടൊപ്പമിരിക്കുന്ന മൗലാനാ സാഹിബ് ചിരിക്കാറുണ്ട്. ഞങ്ങളുടെ മൗലാനാ സാഹിബ് ചിരിക്കാറേയില്ലെന്നും അവർ പറഞ്ഞു.

ഇപ്രകാരംതന്നെ ഫ്രാൻസിലെ ഒരു സംഭവം അമീർ സാഹിബ് എഴുതിയിരിക്കുന്നു. "ഇമാം ഹബീബ് ഹൈദർ സാഹിബിനെ അദ്ദേഹത്തിന്റെ ഉസ്താദ് തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. അവരുടെ വീട്ടിൽ എം.ടി.എ സ്ഥാപിച്ചിരുന്നു. അദ്ദേഹത്തിന്റെ കുട്ടികളും ഭാര്യയും അത് കാണുന്നുണ്ടായിരുന്നു. ഇമാം സാഹിബ് പറഞ്ഞു, എന്റെ ഭാര്യയും കുട്ടികളും എം.ടി.എ വളരെ താൽപര്യത്തോടെ കാണാറുണ്ട്. പ്രത്യേകിച്ച് കുട്ടികളുടെ ക്ലാസ്സ്. ഇപ്രകാരംതന്നെ ജുമുഅ ഖുത്ബയും മുടങ്ങാതെ കാണുന്നു." എം.ടി.എ 3-ൽ ക്രിസ്ത്യാനികൾക്കുള്ള മറുപടി സംപ്രേക്ഷണം ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഇപ്പോൾ ക്രിസ്ത്യാനികൾ മൈതാനം വിട്ടോടിക്കളഞ്ഞു. 'അൽഹിവാറുൽ മുബാശിർ' പരിപാടി തങ്ങൾ വളരെ താൽപര്യത്തോടെ കാണാറുണ്ടെന്ന് ഇബ്റാഹിം ഖലീൽ സാഹിബ് എഴുതുന്നു. അദ്ദേഹം പറയുന്നു: "ഞാൻ ഓരോ മാസത്തിന്റേയും ആദ്യത്തെ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും ശനിയാഴ്ചയും പണി ഉപേക്ഷിച്ച്, ആ മനോഹരമായ പരിപാടി വളരെ താൽപര്യത്തോടെ കാണാറുണ്ട്."

സിറിയയിൽനിന്ന് യൂസുഫ് സാഹിബ് എഴുതുന്നു. ഞാൻ ഉമ്മത്തെ മുസ്‌ലിമായുടെ ദീനീ അവസ്ഥകണ്ട് നിരാശനായിരുന്നു. ഉമ്മത്തെ മുസ്‌ലിമയെ രക്ഷിക്കാൻ ഒരു മുസ്‌ലിഹ് മൗഊദ് വരുമെന്നും കേട്ടിരുന്നു. അങ്ങനെയിരിക്കെ, ടെലിവിഷനിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ആഹ്വാനം കാണാൻ കഴിഞ്ഞു. അപ്പോൾ അൽഹിവാറുൽ മുബാശിർ പരിപാടിയാണ് നടന്നുകൊണ്ടിരുന്നത്. ആ നേരം മുതൽ ഞാൻ ഈ ചാനൽ കാണാറുണ്ട്. ഈ ജമാഅത്താണ് സത്യമെന്ന് എനിക്ക് പൂർണ്ണ

മായും ബോധ്യം വന്നിരിക്കുന്നു. ഞാൻ ഈ ജമാഅത്തിൽ ചേരാനാഗ്രഹിക്കുന്നു. ഞാനെന്താണ് ചെയ്യേണ്ടതെന്ന് അറിയിക്കുക."

അബുൽ വഹ്ഹാബ് മുഹമ്മദ് ഇസ്മായിൽ സാഹിബ് ഈജിപ്തിൽനിന്നെഴുതുന്നു. "ദീർഘമായ കാത്തിരിപ്പിനു ശേഷം ഈ ചാനൽ തുടങ്ങിക്കണ്ടതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അല്ലാഹു നിങ്ങൾക്ക് ബർക്കത്ത് നല്കുമാറാകട്ടെ. നിങ്ങളെപ്പോലുള്ളവരെ അധികമധികമായി സൃഷ്ടിക്കുമാറാകട്ടെ. ഞങ്ങളുടെമേൽ ആക്രമണം നടത്തിയവരിൽനിന്ന് ഞങ്ങൾ രക്ഷപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് ആദരവ് നല്കുമാറാകട്ടെ. നിങ്ങളുടെ ശത്രുക്കൾക്കെതിരിൽ അവൻ തന്നെ നിങ്ങളെ സഹായിക്കുമാറാകട്ടെ. പ്രത്യേകിച്ച്, പാതിരി സക്രിയ്യ പത്രോസിന്റെ ഭയാനകമായ ആക്രമണത്തിന്നെതിരെ, വളരെ തന്റേടത്തോടും ശക്തിയോടും മനോഹരമായും നിങ്ങൾ പോരാടി."

അബുൽ വഹ്ഹാബ് സാഹിബ് തുടർന്നെഴുതുന്നു. "അല്ലാഹുവാണ! അല്ലാഹുവിനുവേണ്ടി, ഒരു നിന്ദയേയും ഭയക്കാത്ത അവന്റെ ആത്മാർത്ഥരായ സൈന്യരാണ് നിങ്ങൾ. ഞങ്ങളുടെ ഉലമാഅ്, നിങ്ങൾ ദീനിനുവേണ്ടി, പാതിരി സക്രിയായെ പോലെയുള്ള ഭയാനകമായ പെരുമ്പാമ്പുകളേയും ദജ്ജാലുകളേയും നേരിടുന്നത് കണ്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ, അവർക്കു മറുപടി കൊടുക്കാൻ ഇവർക്ക് കഴിയുന്നില്ല. ഓരോ ഒഴിവുകഴിവ് ഉണ്ടാക്കി പിന്മാറിക്കൊണ്ടിരിക്കുന്നു. ഇവർക്ക് അഹോ കഷ്ടം! ഇവർ ഇസ്‌ലാമിനെ സഹായിക്കാൻ നിങ്ങളുടെ കാലടിപ്പാടുകളിലൂടെ നടന്നിരുന്നെങ്കിൽ! നിങ്ങൾക്കെതിരെ കുഫ്ർ ഫത്‌വ നല്കി സമയം നഷ്ടപ്പെടുത്തുന്നതിനുപകരം ശത്രുക്കളെ നേരിട്ടിരുന്നെങ്കിൽ! നിങ്ങൾ ലാഇലാഹ ഇല്ലല്ലായിൽ വിശ്വസിക്കുന്നവരാണ്. ഹദ്‌റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)കൊണ്ടുവന്ന അധ്യാപനങ്ങളിൽ വിശ്വസിക്കുന്നവരുമാണ്."

സാമിറ ഇസ്‌ലാം ബോലി സാഹിബ് എഴുതുന്നു: "അറബിചാനൽ തുടങ്ങിയതോടെ ലോകത്തിലെ കിഴക്കും പടിഞ്ഞാറും വസിക്കുന്ന മുസ്‌ലിംകൾക്ക്, ഒരു ഫത്ഹെ മുബീൻ– സുവ്യക്തമായ വിജയവും മഹത്തായ സഹായവും ലഭിച്ചിരിക്കുന്നു. അഹ്മദിയ്യത്തിനെക്കുറിച്ച് വളരെ മോശമായ ചിത്രം ചില ഭരണാധികാരികൾ ശംബളം നല്കുന്ന ഫുഖഹാഅ് ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചുവരുന്നുണ്ട്. ഇസ്‌ലാം, ശത്രുക്കളുടെ ചാനലിനു മുന്നിൽ ഒരു പാറയായിത്തീർന്നിരിക്കുന്നു. അതിനെ വിഴുങ്ങാനോ പൊക്കാനോ ഇനി ശത്രുക്കൾക്ക് സാധിക്കില്ല. നിരവധി ചിന്തകന്മാർക്കും നൂറുകണക്കിന് ഗ്രന്ഥങ്ങൾക്കും ഗവേഷണങ്ങൾക്കും ചെയ്തു കാണിക്കാൻ പറ്റാത്ത കാര്യങ്ങളാണ് നിങ്ങൾ ചെയ്തുകാണിച്ചത്. നിങ്ങൾ എല്ലാ വീട്ടിലും കടന്നുവന്നിരിക്കുന്നു. ഓരോ വീട്ടിലേയും അംഗമായിത്തീർന്നിരിക്കുന്നു. നിങ്ങൾ എല്ലാ കള്ളവാദികളുടേയും കറ്റുകെട്ടിപറയുന്നവരുടേയും കണ്ണുകൾ പൊട്ടിച്ചിരിക്കുന്നു. നിങ്ങൾ മുസ്‌ലിംകളുടെ പ്രതീക്ഷ പൂർവ്വസ്ഥിതിയിലാക്കിയിരിക്കുന്നു. വിശുദ്ധഖുർആനുമായിട്ടുള്ള ഉറച്ചബന്ധം കാരണം ദീനീപരവും ജ്ഞാനപരവുമായ ഒരു പൂർണ്ണമായ വിശ്വാസം സ്ഥാപിച്ചിരിക്കുന്നു."

ഇബ്നു ഉമർ സാഹിബ് അൽജസായിരിൽ നിന്നെഴുതുന്നു. "നിങ്ങളുടെ പരിപാടികൾ കാണുകയും നിങ്ങളുടെ ഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്ത കാരണത്താൽ അല്ലാഹുതആല എനിക്ക് വഴികാട്ടിയിരിക്കുന്നു. ഞാൻ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നു."

ജോർദാനിൽനിന്ന് ബക്കർഹുസയ്ൻ സാഹിബ് പറയുന്നു: "ജോർദാനിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗുമാർ വേണമെന്നാണ് എന്റെ അഭിപ്രായം. എനിക്കു തോന്നുന്നത് ഇവിടെ മുബല്ലിഗുമാരാരുമില്ലെന്നാണ്. ആരെങ്കിലും ഉണ്ടെങ്കിൽ എന്നെ അറിയിക്കുക. നിങ്ങൾ ഇഷ്ടപ്പെടുകയാണെങ്കിൽ മുബല്ലിഗിനു വേണ്ട എല്ലാ ചെലവുകളും വഹിക്കാൻ ഞാൻ തയ്യാറാണ്. കാരണം നിങ്ങളുടെ പരിപാടികൾ ഞങ്ങൾ മുടങ്ങാതെ കാണാറുണ്ട്. നിങ്ങളുടെ വീക്ഷണത്തെക്കുറിച്ചും, അറിവുകളെക്കുറിച്ചും ഒരുപരിധിവരെ പഠിച്ചുകഴിഞ്ഞു."

ഇറാഖിൽനിന്ന് ഹുസയ്ൻ മുഹമ്മദ് ഹസൻ മുഹമ്മദ് സാഹിബ് എഴുതുന്നു. "ഞാൻ 40 വർഷമായിട്ട് ഇറാഖിലെ സുന്നിമുസൽമാനാണ്. കക്ഷി തിരിച്ചുള്ള പേരുകളെ ഞാൻ വെറുക്കുന്നുവെങ്കിലും ഞാൻ 20 വർഷമായി സത്യാന്വേഷണത്തിലാണ്. ഇപ്പോൾ നിങ്ങളുടെ ചാനൽ കണ്ട് മനസ്സിന് സമാധാനമായി. അല്ലാഹുതആല ഈ അനുഗൃഹീത ചാനലിനെ എന്നെപ്പോലുള്ളവർക്ക് സന്മാർഗ്ഗത്തിന്റെ മിനാരമാക്കിത്തീർക്കട്ടെ. ഞാൻ ഒരുപാട് മുസ്‌ലിം സഹോദരങ്ങളുമായി സംവദിച്ചിട്ടുണ്ട്. വിശ്വാസപരമായി അഭിപ്രായഭിന്നതയുമുണ്ട്. ഇബാദത്തുപരമായ കാര്യങ്ങളിലും എനിക്ക് അഭിപ്രായവ്യത്യാസമുണ്ട്. അതുകൊണ്ട് ഞാനിപ്പോൾ പള്ളിയിൽ പോകാറില്ല. വീട്ടിൽത്തന്നെയാണ് നമസ്കരിക്കുന്നത്. ഇപ്പോൾ നിങ്ങളുടെ ചാനലിൽ മുസ്തഫാ സാബിഖ് സാഹിബിന്റേയും ഹാനീത്വാഹിർ സാഹിബിന്റേയും പരിപാടി കേട്ടു. ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നത് ഇപ്പോൾ എനിക്ക് കിട്ടി. മനസ്സിന് സംതൃപ്തിയായി. എന്നേയും നിങ്ങളുടെ ജമാഅത്തിൽ സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹുവിന്റെ വചനപ്രഘോഷണത്തിനായി ഞാൻ സേവനം ചെയ്യും. ദയവുചെയ്ത് ജമാഅത്തിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയിച്ചുതന്നാലും. മിർസാ ഗുലാം സാഹിബിനുമേൽ അല്ലാഹ കരുണ ചൊരിയട്ടെ. എല്ലാവർക്കും ഇസ്‌ലാമിന്റെ ശരിയായ പാഠം പ്രചരിപ്പിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ."

അബൂഖുമീസ് സാഹിബ് എഴുതുന്നു. "നിങ്ങളുടെ ദീനീപരമായ ജ്ഞാനവും, പ്രബോധനരീതിയും അനിസ്‌ലാമികഗ്രന്ഥങ്ങളോടുള്ള സമീപനരീതിയും അതിൽ സത്യം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗവും, ഇസ്‌ലാമിനു വേണ്ടിയുള്ള പ്രബോധനശൈലിയുമെല്ലാം തികച്ചും വേറിട്ടതാണ്. എന്റെ ദീനീസഹോദരന്മാരേ! ഞാൻ ഈ ജമാഅത്തിൽ ചേരാൻ ആഗ്രഹിക്കുന്നു."

ഇത്തരം നിരവധി കത്തുകളുണ്ട്. വായിക്കുകയാണെങ്കിൽ ഇവിടെയൊന്നും അവസാനിക്കുകയില്ല.

അബ്ദുൽ മുൻഇം സാഹിബ് ഈജിപ്തിൽനിന്നെഴുതുന്നു. "ഞാൻ ജാമിഅ അബുൽ അസ്ഹ്റിൽ ഇസ്‌ലാമിക ശരീഅത്തിന്റെ വിദ്യാർത്ഥിയാണ്. ഇവിടെ ഖാദിയാനി കക്ഷിയെക്കുറിച്ചും പഠിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ ഞങ്ങളുടെ ഉസ്താദ് വഴിതെറ്റികക്ഷി എന്നാണ് പറയുന്നത്. ഇതിനെ സംബന്ധിച്ച് പല ഗ്രന്ഥങ്ങളും വായിച്ചു. എന്നാൽ, ഇതുവരെ സംതൃപ്തിയായിട്ടില്ല. കാരണം ഒരുഭാഗത്ത് ഇതെല്ലാം വായിക്കുന്നുണ്ടെങ്കിലും, മറുഭാഗത്ത് ഇതേ ജമാഅത്ത് എം.ടി.എ മുഖേന ഇസ്‌ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കുന്നതും കാണുന്നു. ഇസ്‌ലാമിനുവേണ്ടി പോരാടുന്ന ഇവർ യഥാർത്ഥത്തിൽ അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളാണോ?" തുടർന്ന് കുറച്ച് ചോദ്യങ്ങൾ അദ്ദേഹം ചോദിച്ചിരുന്നു. അതിനു മറുപടി അതുമായി

ബന്ധപ്പെട്ടവർ നല്കുന്നതാണ്.

മിസ്റിലെ നാസിം തർബിയ്യത്ത് മുഹമ്മദ് അബ്ദുർറഊഫ് മുഹമ്മദ് തന്റെ മകൾ കണ്ട ഒരു സ്വപ്നം എഴുതിയറിയിച്ചിട്ടുണ്ട്. കലിമ ത്വയ്യിബയിൽ വിശ്വസിച്ചിട്ടും ഒരു അഹ്മദിയെ കാഫിർ എന്ന് ഒരു മൗലവി വിളിക്കുന്നത് എന്റെ മകൾ കേട്ടു. അയാൾ നബി(സ)യേയും മറ്റു നബിമാരേയും വിശ്വസിക്കുന്നയാളാണ്. എന്നല്ല പരലോകത്തിലും സ്വർഗ്ഗത്തിലും നരകത്തിലും വിശ്വസിക്കുന്നയാളുമാണ്. മൗലവിയുടെ ഫത്വ കേട്ടപ്പോൾ എന്റെ മകൾ വളരെ അത്ഭുതപ്പെട്ടു. അവൾ 'അൽഹിവാറുൽ മുബാശിർ' എന്ന പരിപാടി കാണാൻ തുടങ്ങി. അതവൾക്ക് വളരെ ഇഷ്ടപ്പെട്ടു. ഇക്കൂട്ടർ സത്യത്തിലാണെന്ന് അവൾക്ക് ബോധ്യമായി. അല്ലാഹുവേ, എനിക്ക് സത്യം കാണിച്ചുതരേണമേ എന്ന് അവൾ കരഞ്ഞുകരഞ്ഞ് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇക്കൂട്ടർ ഇസ്‌ലാമിനുവേണ്ടി ശത്രുക്കളെ പ്രതിരോധിക്കുന്നു. ഇവരുടെ ഖുർആനിന്റെ വ്യാഖ്യാനം അറിവും ഭാഷാശാസ്ത്രമനുസരിച്ചുള്ളതും ജ്ഞാനഭരിതവും സരളവുമാണ്. ഇങ്ങനെ പത്തുപതിനഞ്ച് ദിവസം പ്രാർത്ഥനയിൽ കഴിഞ്ഞു. ഇതുസംബന്ധമായി നീ എന്നെങ്കിലും സ്വപ്നം കണ്ടിട്ടുണ്ടെങ്കിൽ പറയണമെന്ന് ഞാൻ അവളോട് പറയാറുണ്ടായിരുന്നു. അപ്പോഴൊക്കെ എനിക്ക് ഇക്കൂട്ടരോട് വളരെ സ്നേഹമാണെന്ന് അവൾ പറയും. ഒരു ദിവസം ഒരഹ്മദി സുഹൃത്തിനെ കാണാൻ ഞങ്ങൾ പോകുകയായിരുന്നു. ജമാഅത്തിനെക്കുറിച്ച് താനൊരു സ്വപ്നം കണ്ടെന്ന് എന്റെ മകൾ എന്നോട് പറഞ്ഞു. എന്റെ മകൾ കളവ് പറയുകയില്ലെന്ന് എനിക്ക് നല്ലവണ്ണം അറിയാം. അവൾ പറഞ്ഞു. "അല്ലാഹുവേ, എനിക്ക് സത്യം വെളിപ്പെടുത്തിത്തരേണമേ എന്ന് പറഞ്ഞ് കഴിഞ്ഞരാത്രി മുഴുവൻ ഞാൻ ദുആ ചെയ്തുകൊണ്ടിരുന്നു. സുബ്ഹി നമസ്കാരത്തിനു ശേഷം ഞാനുറങ്ങിപ്പോയി. അപ്പോൾ ഞാൻ നദിയിൽ മുങ്ങുന്നതായി സ്വപ്നം കണ്ടു. ആ സന്ദർഭത്തിൽ ഒരു വള്ളത്തിൽ ചിലയാളുകൾ എന്റെയടുത്തേക്ക് വരുന്നുണ്ടായിരുന്നു. അല്ലാഹുവേ, അഹ്മദിയ്യാ ജമാഅത്ത് സത്യമാണെങ്കിൽ എന്നെ മുങ്ങിത്താഴുന്നതിൽനിന്ന് രക്ഷിക്കണേയെന്ന് ഞാൻ പ്രാർത്ഥിച്ചു. പിന്നീട് ഞാൻ വെള്ളത്തിന്റെ മുകളിലിരുന്നു. വെള്ളത്തിന്റെയൊഴുക്ക് എന്നെ ആ വള്ളക്കാരുടെയടുത്തേക്ക് കൊണ്ടുപോയി. അങ്ങനെ ഞാൻ വള്ളത്തിൽ കയറി യാത്ര തുടർന്നു." ഇതുകേട്ടപ്പോൾ ഞാൻ മകളോട് പറഞ്ഞു. "അൽഹംദുലില്ലാഹ്. ഇക്കൂട്ടർ ഒരുപാട് ദുരിതം സഹിക്കുന്നവരാണ്. ഇവരുടെ വിശ്വാസം കാരണം ഇവരെ ജനങ്ങൾ ചീത്തവിളിക്കുന്നു. യഥാർത്ഥത്തിൽ ഇവരെ മാത്രമല്ല അവർ ചീത്തവിളിക്കുന്നത്, നബി(സ)യേയുമാണ്."

അബ്ദുൽ വഹ്ഹാബ് സാഹിബിന്റെ ഒരു ദീർഘമായ കത്ത് വന്നിട്ടുണ്ട്. അതിലെ ഒരു ഭാഗം മാത്രം ഞാൻ വായിക്കാം. "എന്റെ സഹോദരങ്ങളേ, ഭൂമിലോകത്ത് ഏറ്റവും മനോഹരമായി സംസാരിക്കുന്നവരും നല്ല പരിപാടികൾ നടത്തുന്നവരുമായവരേ! അല്ലാഹു നിങ്ങൾക്ക് ദീർഘായുസ്സ് നല്കുമാറാകട്ടെ. നിങ്ങൾക്ക് മാർഗ്ഗദർശനം നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ശത്രുക്കൾക്കെതിരിൽ നിങ്ങളെ സഹായിക്കുമാറാകട്ടെ."

ഒരു ബദിയുക് സാഹിബ് ഇറാഖിൽനിന്ന് എഴുതുന്നു. "ഞങ്ങൾ ഇറാഖിലെ ഒരു ജനവിഭാഗമാണ്. എം.ടി.എ കാണുന്നതിനുമുമ്പേ നിങ്ങളെക്കുറിച്ചോ നിങ്ങളുടെ ജമാഅത്തിനെക്കുറിച്ചോ ഒന്നും അറിയില്ലായിരുന്നു. ഞങ്ങൾ ഈ ചാനലിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരുന്നു. ഇതിനുമുമ്പേ ഞങ്ങളൊരിക്കലും അത്തരം കാര്യങ്ങൾ കേട്ടിട്ടില്ല. ഒരുപാട് ഇറാഖികൾ ഞങ്ങളെ എതിർത്തു. ഞങ്ങളെ കാഫിർ എന്നും മുർത്തദ്ദെന്നും പ്രഖ്യാപിച്ചു. ഇപ്പോൾ ഞങ്ങളുടെ കൈയിൽ ഭക്ഷണവുമില്ല ഞങ്ങൾക്ക് വീടുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)യിൽ വിശ്വസിക്കുന്ന ഞങ്ങളുടെ അംഗസംഖ്യ 110 ആയിക്കഴിഞ്ഞിരിക്കുന്നു." അല്ലാഹ്മിയാ ഇപ്പോൾ സ്വയം ജമാഅത്ത് രൂപീകരിക്കുകയാണ്.

അബ്ദുൽ ഗനി മഹ്ദി സാഹിബ് യമനിൽനിന്നെഴുതുന്നു. "എനിക്ക് എം.ടി.എയോടും ജമാഅത്തിനോടും വളരെ ബന്ധമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വളരെ സ്നേഹവുമുണ്ട്. നിങ്ങളുടെ ജമാഅത്തിനെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നു."

ലിബിയായിൽനിന്ന് ഒരാളെഴുതി. "ഞാൻ എം.ടി.എ. 3 തുടങ്ങിക്കണ്ടതിൽ വളരെ സന്തോഷിക്കുന്നു. ഞാൻ ഈ ചാനലിലേക്ക് സംഭാവന നല്കാൻ ആഗ്രഹിക്കുന്നു."

തമീം സാഹിബ് എഴുതുന്നു. അബൂദക്കാ സാഹിബിന് ജോർദാനിൽനിന്ന് ഒരാളെഴുതി. "കുറച്ചുകാലം മുമ്പേ ജോർദാനിലെ രണ്ട് പള്ളികളിലെ ഇമാമുമാർ ജമാഅത്തുമായി ബന്ധപ്പെട്ടിരുന്നു. ഇവരിൽ ഒരു ഇമാമിന്റെ നട്ടെല്ലിലെ ഒരു കശേരു ഇളകിയ കാരണത്താൽ അദ്ദേഹത്തിന് നടക്കാൻ കഴിഞ്ഞിരുന്നില്ല. ഓപ്പറേഷൻ ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞു. കട്ടിലിൽ ദിവസം മുഴുവൻ ടി.വി കണ്ടുകൊണ്ട് കഴിച്ചുകൂട്ടി. അല്ലെങ്കിൽ പുസ്തകങ്ങൾ വായിച്ചുകൊണ്ടിരുന്നു. യാദൃശ്ചികമായി അദ്ദേഹത്തിന് നമ്മുടെ ചാനൽ കിട്ടി. അതിന്റെ പരിപാടിയിൽ അദ്ദേഹം ആകൃഷ്ടനായി. ഇസ്തിഖാറ (*നന്മ തിന്മകൾ തിരിച്ചറിയാനുള്ള ദുആ*) ചെയ്തു. ഈ ജമാഅത്ത് സത്യമാണെങ്കിൽ തനിക്ക് പൂർണ്ണസുഖം നല്കേണമേ എന്ന് പറഞ്ഞ് അദ്ദേഹം പ്രാർത്ഥിച്ചു. അതങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. ഇപ്പോൾ അദ്ദേഹത്തിന് ഒരു വിഷമവുമില്ല. ഒരുതരത്തിലുള്ള ബുദ്ധിമുട്ടുമില്ല. അദ്ദേഹം ജമാഅത്തുമായി ബന്ധപ്പെട്ട് നമ്മുടെ ഗ്രന്ഥങ്ങൾ വാങ്ങുകയും അവസാനം ബയ്അത്ത് ചെയ്യുകയും ചെയ്തു. ഈ കഴിഞ്ഞ ജുമുഅയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഗ്രന്ഥമായ ഹമാമത്തുൽ ബുശ്റായുടെ കുറച്ചുഭാഗം അദ്ദേഹം ആളുകൾക്ക് വായിച്ചുകേൾപ്പിക്കുകയും ചെയ്തു.

തമീം സാഹിബ് തുടർന്നെഴുതുന്നു. ജോർദാനിലെ ഒരു മൗലവി സാഹിബ് യാദൃശ്ചികമായി നമ്മുടെ ചാനൽ കാണാനിടയായി. അദ്ദേഹത്തിന് അതിലെ പരിപാടികൾ വളരെ ഇഷ്ടപ്പെട്ടു. ഖുത്ബാ ജുമുഅയിൽ അദ്ദേഹം നമ്മുടെ വിശ്വാസമനുസരിച്ച് വഫാത്തെ മസീഹ് എന്ന വിഷയം വിവരിക്കാൻ തുടങ്ങി. തന്റെ കുറച്ച് സുഹൃത്തുക്കളോട് താൻ ജമാഅത്തിനെ സ്നേഹിക്കുന്ന വിവരവും പ്രകടിപ്പിച്ചു. അത് കാരണം അദ്ദേഹത്തിന് എതിർപ്പുണ്ടായി. അദ്ദേഹം നിർമ്മിച്ച പള്ളിയിൽനിന്ന് അദ്ദേഹത്തെ അവർ പുറത്താക്കുകയും ഭീഷണിപ്പെടുത്തുകയും വിശദീകരണം ചോദിച്ചുകൊണ്ട് നോട്ടീസ് കൊടുക്കുകയും ചെയ്തു. അദ്ദേഹം ബയ്അത്ത് ചെയ്യാത്ത കാരണത്താൽ അന്ന് താൻ അഹ്മദിയ്യല്ലെന്ന് പറഞ്ഞിരുന്നു. പക്ഷേ, ആ സംഭവത്തിന് കുറച്ചു ദിവസത്തിനുശേഷം അദ്ദേഹം ബയ്അത്ത് ചെയ്തു. ഇപ്പോൾ അദ്ദേഹം വളരെ സന്തുഷ്ടനാണ്.

തമീം സാഹിബ് എഴുതുന്നു. റിട്ടയർഡ് പോലീസ് ഓഫീസറായ ഒരാൾ ജമാഅത്തുമായി ബന്ധപ്പെട്ടു. അദ്ദേഹം പറഞ്ഞു. 20 വർഷം മുമ്പേ– അന്ന് അദ്ദേഹത്തിന് 18 വയസ്സായിരുന്നു– പോലീസ് സംഘത്തോടൊപ്പം ഹജ്ജ് ചെയ്യാൻ ഭാഗ്യം കിട്ടി. അവിടെവച്ച് അദ്ദേഹം ഒരു സ്വപ്നം കണ്ടു. അതിപ്പോഴും അദ്ദേഹത്തിന്റെ മനസ്സിലുണ്ട്. അദ്ദേഹം പറഞ്ഞു: "നബി

(സ)ന്റെ അനുഗൃഹീത ഖബ്ർ നിലകൊള്ളുന്ന മുറിയിലാണ് ഞാനുള്ളത്. ഖബ്റിൽനിന്ന് തുണി നീക്കി ഉള്ളിലേക്ക് നോക്കാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്. പെട്ടെന്ന് കാല്ഭാഗത്തുനിന്ന് ഖബ്ർ തുറക്കപ്പെടുന്നു. ഞാൻ ഉള്ളിലേക്ക് പോയി. നബി(സ)നെ അതിനകത്ത് ഞാൻ കണ്ടു. നബി തങ്ങൾ ഉറങ്ങുകയാണ്. ഇപ്രകാരംതന്നെ ഒരാളോടൊപ്പം കുറച്ചാളുകളേയും ഞാൻ കണ്ടു. അവരുടെ കൈകളിൽ കുറച്ചു പാത്രങ്ങളുണ്ട്. അവർ എന്നെ അത്ഭുതത്തോടെ നോക്കുകയാണ്. അവരുടെ ഇൻചാർജ് എന്നോട്, എന്താണ് ചെയ്യുന്നതെന്ന് ചോദിച്ചു. വർഷത്തിലൊരിക്കൽ ഈ വ്യക്തി വലിയ പെരുന്നാൾ ദിവസം നബി(സ)യെ കുളിപ്പിക്കാറുണ്ടെന്ന് എനിക്ക് മനസ്സിലായി." ഈ സ്വപ്നം അദ്ദേഹത്തിന്റെയുള്ളിൽ കൊത്തിവയ്ക്കപ്പെട്ടു. പിന്നീട് ഒരു ദിവസം സന്ദർഭവശാൽ അദ്ദേഹം എം.ടി.എ പരിപാടി കണ്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)നെ കണ്ടുകൊണ്ട് ഈ വ്യക്തിയാണ് ഓരോ വർഷവും നബി (സ)യെ കുളിപ്പിക്കുന്നതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ബയ്അത്ത് ചെയ്തിരിക്കുന്നു.

ഇപ്പോൾ ഞാൻ ഇങ്ങോട്ട് വരുമ്പോൾ ശരീഫ് ഔദെ സാഹിബിന്റെ ഒരു കത്ത് കിട്ടി. ഇന്നലത്തെ പ്രസംഗത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അദ്ദേഹം എഴുതിയതാണ് അത്. അദ്ദേഹം പറയുന്നു. ഇന്ന് ഒരു വഹാബി ചാനൽ (ഇന്നലെ) 'അൽ ഹിക്മത്ത്' എന്ന പരിപാടിയിൽ രണ്ട് മണിക്കൂർ അഹ്മദിയ്യത്തിന്നെതിരിൽ വിഷം ചീറ്റി. ഫോൺ-ഇൻ പരിപാടിയും ഉണ്ടായിരുന്നു. ഒരുപാട് അനാവശ്യങ്ങളും അസഭ്യങ്ങളും പറഞ്ഞു. കറ്റുകെട്ടി പറയുന്ന ബാസാറിന് അവർ ചൂടുപിടിപ്പിച്ചു. ഈ പരിപാടി ഉണ്ടാകുമെന്ന് ഒരു ദിവസം മുമ്പേ അവർ പരസ്യം ചെയ്തിരുന്നു. ഇതിന്റെ ബാക്കി ഭാഗം ഇനിയും സംപ്രേഷണം ചെയ്യുന്നതാണ്.

അത്ഭുതകരമായ അടയാളമെന്താണെന്നുവെച്ചാൽ അവരുടെ പരിപാടി ജമാഅത്തിന്നെതിരിൽ നടന്നുകൊണ്ടിരിക്കുമ്പോൾ ഞാൻ എന്റെ പ്രസംഗത്തിൽ അതിനുള്ള മറുപടി കൊടുക്കുകയായിരുന്നു. അതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ!

എം.ടി.എയ്ക്ക് പുറമെ മറ്റു ടി.വി പരിപാടികളിലും ജമാഅത്തിന് പരിപാടികൾ നടത്താൻ അവസരം കിട്ടിക്കൊണ്ടിരുന്നു. ഈ വർഷം 1398 പരിപാടികളിലൂടെ, 830 മണിക്കൂർ 45 മിനിറ്റ് പരിപാടി നടത്താൻ നമുക്ക് സമയം കിട്ടി. ഇങ്ങനെ 8 കോടിയിലേറെ ജനങ്ങൾക്ക് സത്യസന്ദേശമെത്തി.

വിവിധ രാഷ്ട്രങ്ങളിലെ റേഡിയോ നിലയങ്ങളിലൂടെ 11,873 മണിക്കൂർ പരിപാടി പ്രക്ഷേപണം ചെയ്യാൻ നമുക്ക് അവസരം കിട്ടി. 6664 പരിപാടികൾ പ്രക്ഷേപണം ചെയ്തു. റേഡിയോ മുഖേന 6 കോടിയിലേറെ ജനങ്ങൾക്ക് സന്ദേശമെത്തി.

ഘാന തുടങ്ങിയ രാജ്യങ്ങളിൽ കവറേജ് ലഭ്യമാണ്. കാനഡയിലും 22 ടിവി നിലയങ്ങളും 21 റേഡിയോ നിലയങ്ങളും 64 പത്രങ്ങളും നമ്മുടെ പരിപാടികൾ റിപ്പോർട്ട് ചെയ്തു. ബുർക്കിനോ ഫാസോയിൽ രണ്ട് റേഡിയോ നിലയങ്ങൾ പുതിയതായി തുടങ്ങാൻ ഭാഗ്യം കിട്ടി. മുമ്പേ ഒരെണ്ണമേ ഉണ്ടായിരുന്നുള്ളൂ. ഡോരി, ലിയോ എന്നീ സ്ഥലങ്ങളിലാണ് ഇത് സ്ഥാപിച്ചിട്ടുള്ളത്.

ഇവിടെ വളരെ നല്ല തബ്ലീഗ് പ്രവർത്തനമാണ് നടക്കുന്നത്. 'റേഡിയോ ഇസ്ലാമി'ൽ ഖിലാഫത്ത് ശതവാർഷികവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു. പ്രാദേശിക ഭാഷകളിൽ ഇതിന്റെ തർജമയും കേൾപ്പിക്കുന്നു. അരമണിക്കൂറാണ് നമുക്കുള്ള സമയം. ഒരു സ്ത്രീ ബയ്അത്ത് ചെയ്തുകൊണ്ട് പറഞ്ഞു, "ഈ റേഡിയോയുടെ അനുഗ്രഹം കൊണ്ടാണ് ഞങ്ങൾ അഹ്മദിയ്യത്ത് സ്വീകരിച്ചത്. നമ്മൾ പ്രക്ഷേപണം ചെയ്യുന്ന എല്ലാ ദുആകളും കേൾപ്പിച്ചുകൊണ്ട് അവർ പറഞ്ഞു: അങ്ങ് പറഞ്ഞ ദുആകൾ ഞാൻ കുറച്ചുകാലമായി ചെയ്തുവരുന്നു." അതായത് അഹ്മദിയാകുന്നതിനു മുമ്പേയും അവർ ഖിലാഫത്തിനുവേണ്ടി ദുആ ചെയ്യാറുണ്ടായിരുന്നു. സിറാലിയൂണിലും റേഡിയോസ്റ്റേഷൻ തുടങ്ങി.

പ്രസ്സ് ആന്റ് പബ്ലിക്കേഷന് കീഴിലും പ്രവർത്തനം നടന്നുവരുന്നു. അഹ്മദിയ്യാ എഞ്ചിനീയേർസ് ആർക്കിടെക്ട് അസോസിയേഷനെക്കുറിച്ച് ഞാൻ ആദ്യം പറഞ്ഞിരുന്നു. കുറഞ്ഞ ചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കാൻ ഞാൻ അവരോട് നിർദ്ദേശിച്ചിരുന്നു. ദരിദ്ര രാഷ്ട്രങ്ങളിൽക്കൂടി ഇതിനുള്ള ഏർപ്പാട് വേണ്ടതാണ്. കെട്ടിട നിർമ്മാണവും അവരെ ഏല്പിച്ചിരുന്നു. അവർ അതിനുവേണ്ടുന്ന ഏർപ്പാട് ചെയ്തു. വിവിധ സ്ഥലങ്ങളിൽ സോളാർ സെറ്റ് സ്ഥാപിച്ചു. 12,16 സിസ്റ്റം മാലിയിലും ബർക്കിനോ ഫാസോയിൽ 12 ഉം ഘാനയിൽ 3ഉം സിസ്റ്റം സ്ഥാപിച്ചു. ഗാംമ്പിയായിലേക്കും കോംഗോയിലേക്കും വേണ്ടി 40 സിസ്റ്റത്തിന് ഓർഡർ കൊടുത്തു അതിപ്പോൾ അവിടെ എത്തിക്കഴിഞ്ഞു. ഇൻശാ അല്ലാഹ് സ്ഥാപിക്കുന്നതാണ്. ഖിലാഫത്ത് ജൂബിലിക്കുള്ളിൽ 100 സിസ്റ്റം സ്ഥാപിക്കുക എന്നതാണ് അവരുടെ തീരുമാനം. ഇൻശാഅല്ലാഹ്."

ബുർക്കിനാഫാസോയിൽ കുഴൽകിണർ സ്ഥാപിക്കുന്നതിനുവേണ്ടി 8 കിണർ കുഴിച്ചു. യു.എൻ.എയ്റ്റ് ഏജൻസി 48 കുഴൽകിണർ കുഴിച്ചിരുന്നു. അതിനെല്ലാം കേടുപറ്റിയിരുന്നു. നമ്മുടെ ആളുകൾ അതെല്ലാം നന്നാക്കിക്കൊടുത്തു. ഗാംമ്പിയായിൽ 13 പമ്പുകൾ സ്ഥാപിച്ചു. അതുപോലെതന്നെ വിവിധ സ്ഥലങ്ങളിൽ പള്ളിയുടെ പ്ലാനുകളും മറ്റും തയ്യാറാക്കിക്കൊടുക്കുന്നതിലും അവർ ശ്രദ്ധിക്കുന്നു.

ബുർക്കിനാഫാസോയിലെ അമീർസാഹിബ് എഴുതുന്നു: "കുറേവർഷങ്ങളായി കുഴൽകിണറുകൾ ചീത്തയായി കിടന്ന കാരണത്താൽ ജനങ്ങൾക്ക് കിലോമീറ്ററുകൾതാണ്ടി വെള്ളം കൊണ്ടുവരേണ്ടിവന്നിരുന്നു. ലണ്ടനിൽനിന്നുവന്ന നമ്മുടെ അഹ്മദി എഞ്ചിനിയർമാർ അതെല്ലാം പുനഃസ്ഥാപിച്ചു. വെള്ളം കിട്ടിയപ്പോഴുണ്ടായ ജനങ്ങളുടെ വികാരം പ്രകടിപ്പിക്കാൻ വാക്കുകളില്ല. ഇവിടുത്തെ സംഘാടകർ, ജമാഅത്തിന് നന്ദിപറഞ്ഞ് കത്തെഴുതി. ചില സ്ഥലത്തെ മേയറും, മറ്റ് ഓഫീസർമാരും, നമ്മുടെ എഞ്ചിനിയർമാരോടൊപ്പം നിർമ്മാണസ്ഥലത്ത് എത്തിയിരുന്നു. അത്ഭുതത്തോടെ അവർ പറഞ്ഞു 'നിങ്ങൾ ഞങ്ങളോട് ഭക്ഷണംപോലും ചോദിക്കുന്നില്ല, ഒന്നും ആവശ്യപ്പെടാതെ നിങ്ങൾ സേവനം ചെയ്യുന്നു.' ഒരു സാഹിബ് പറഞ്ഞു, 'രാഷ്ട്രീയക്കാർ വരുന്നു, വലിയ വലിയ വാഗ്ദാനങ്ങൾ നല്കുന്നു. പക്ഷേ, പ്രവർത്തിക്കാനായി ആരും മുന്നിൽ വരാറില്ല. എന്നാൽ, അഹ്മദിയ്യത്ത് ഒന്നും ആവശ്യപ്പെടാതെ പ്രവർത്തിച്ചുകാണിക്കുന്നു.

ആ പ്രദേശങ്ങളിൽ സോളാർസിസ്റ്റം മുഖേന വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പ്രവർത്തനവും നടന്നുവരുന്നുണ്ട്. ഈ പദ്ധതിയനുസരിച്ച് എഞ്ചിനിയർമാർ ഒരു ടീമിനോടൊപ്പം ഒരു ഗ്രാമത്തിൽപോയി. മഗ്രിബോടെ ജോലി തീർന്നു. ആദ്യമായി ടി.വിയിലൂടെ എം.ടി.എ കാണിച്ചു. അപ്പോൾ ലിഖാ മഅൽ അറബ് എന്ന പരിപാടിയായിരുന്നു നടന്നുകൊണ്ടിരുന്നത്. ഈ

സ്ഥലത്തെ അൽഹാജ് ഖാസിം സാഹിബ് ബുർക്കിനാഫാസോയിലെ ആദ്യകാല അഹ്മദിയ്യാണ്. തന്റെ ഗ്രാമത്തിൽ ഈ ആത്മീയമായ ഭക്ഷണത്തളിക കണ്ടപ്പോൾ അദ്ദേഹത്തിന് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം സുജൂദിൽ വീണു. കുറച്ചിരുട്ടായപ്പോൾ ട്യൂബ്‌ലൈറ്റ് പ്രവർത്തിക്കാൻ തുടങ്ങി. അപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ കഴിയില്ല. നാലുഭാഗത്തുനിന്നും അല്ലാഹു അക്ബർ എന്ന ശബ്ദം ഉയരാൻ തുടങ്ങി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വാഖ്ഫിനെ നൗന്റെ അംഗസംഖ്യയിലും ഈ വർഷം 1621 പേരുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇവരുടെ അംഗസംഖ്യ മൊത്തം 34,811 ആയി. ആൺകുട്ടികൾ 22,577. പെൺകുട്ടികൾ 12234. ഇതിൽ പാക്കിസ്ഥാനാണ് ഒന്നാം സ്ഥാനത്ത്. അവരിൽ ഒന്നാം സ്ഥാനത്ത് റബ്വയാണ്. പാക്കിസ്ഥാൻ കഴിഞ്ഞാൽ, ജർമ്മനിയിലാണ് ഏറ്റവും കൂടുതൽ വാഖ്ഫെനൗ കുട്ടികളുള്ളത്. പിന്നീട് ഇന്ത്യ, കാനഡ. നാലാം സ്ഥാനത്ത് യു.കെ. അഞ്ചാംസ്ഥാനത്ത് ഇന്തോനേഷ്യ.

ഹ്യൂമാനിറ്റിഫസ്റ്റിന്റെ പ്രവർത്തനങ്ങളും അസാധാരണമായ നിലയിൽ നടന്നുവരുന്നു. ഇത് യു.എൻ.ഓയിൽ ഇപ്പോൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. പാക്കിസ്ഥാനിൽ അപാരമായ സേവനം ചെയ്യാൻ ഇവർക്ക് സാധിച്ചു. കശ്മീരിലെ ഭൂകമ്പബാധിതർക്കായി 36,000 കിലോ സാധനങ്ങളും ആംബുലൻസുകളും അയച്ചു. അതിന്റെ സ്പെയർപാർട്സുകളും ചൂടുവസ്ത്രങ്ങളും അയച്ചുകൊടുത്തു. ഇസ്‌ലാമാബാദിൽ 100 ടെന്റുകൾ സ്ഥാപിച്ചു. മരുന്നുകൾ വിതരണം ചെയ്തു. ഇതിനുപുറമെ മുസഫ്ഫറാബാദിലെ ആശുപത്രിക്കുവേണ്ടി ആറരലക്ഷം പൗണ്ട് മുടക്കി നട്ടെല്ലിനുള്ള ചികിത്സയ്ക്കായി ന്യൂറോസർജറിയുടെ ഒരാധുനിക യൂനിറ്റ് സ്ഥാപിച്ചു.

ആഫ്രിക്കയിലും ഹ്യൂമാനിറ്റി ഫസ്റ്റ് സേവനം ചെയ്യുന്നു. ബുർക്കിനാഫാസോ, ഗാംബിയാ, സിറാലിയൂൺ, ബനിൻ, ലൈബിരിയ, ഘാന തുടങ്ങിയ ആറ് രാഷ്ട്രങ്ങളിൽ ഹ്യൂമാനിറ്റിഫസ്റ്റിന്റെ 15 ഐ.ടി. സെന്റർ– യു.കെ, ജർമ്മനി, യു.എസ്.എ എന്നീ രാജ്യങ്ങളുടെ കീഴിൽ വിജയപ്രദമായി പ്രവർത്തിച്ചുവരുന്നു. ഇത് വിശാലമാക്കാനുള്ള പരിപാടിയുണ്ട്. ഗാംബിയായിൽ ഹ്യൂമാനിറ്റിഫസ്റ്റ് മുഖേന 27 ഏക്കർ ഭൂമി വിവിധ പ്രൊജക്ടിനുവേണ്ടി വാങ്ങി. ഇപ്പോൾ 530 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. ഇതേപ്രകാരം ബുർക്കിനാഫാസോ, സിറാലിയൂൺ, ഗാംബിയ, ഉഗാണ്ട തുടങ്ങിയ നാല് ആഫ്രിക്കൻരാജ്യങ്ങളിലേക്ക് ഒരു ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അമ്പത് കിലോ കംപ്യൂട്ടർ സാധനങ്ങളും, ഹോമിയോപ്പതി മരുന്നുകളും മറ്റു സാധനങ്ങളും അയച്ചു. മഡ്ഗാസ്ക്കറിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ അവിടെ ഹ്യൂമാനിറ്റിഫസ്റ്റ് പ്രവർത്തിച്ചു. നിർധനരായ രോഗികൾക്കായി ഒരുപാട് സേവനങ്ങൾ ചെയ്തു. വിവിധ രാജ്യങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലക്ഷക്കണക്കിന് രോഗികൾ സുഖം പ്രാപിച്ചു.

നുസ്റത്ത് ജഹാം പദ്ധതിയുടെ കീഴിൽ 36 ഹോസ്പിറ്റലുകൾ 12 രാഷ്ട്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു. പതിനൊന്ന് രാഷ്ട്രങ്ങളിൽ ഹയർസെക്കന്ററി ഉൾപ്പെടെ 505 സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഒരു പുതിയ ഹോസ്പിറ്റൽ കിനിയായിലെ ഷാന്റയിൽ നിർമ്മാണത്തിലാണ്. ഇപ്രകാരം ഗാംബിയായിൽ ഒരു സ്കൂൾ ഇപ്രാവശ്യം ആരംഭിച്ചു. കിനിയായിൽനിന്ന് ഡാക്ടർ ഇഖ്ബാൽ സാഹിബ് എഴുതുന്നു: ഷാന്റ ഹോസ്പിറ്റലിന്റെ നിർമ്മാണശേഷം ജൂൺ മധ്യത്തോടെ അത്യാവശ്യ സാധനസാമഗ്രികളൊന്നുമില്ലാതെ രോഗികളെ കിടത്തി ചികിത്സിക്കാൻ തുടങ്ങി. കഴിഞ്ഞയാഴ്ച നാല് രോഗികൾ വന്നു. അവർ വിഷം കഴിച്ച് ഗുരുതരാവസ്ഥയിലായിരുന്നു. രണ്ടുദിവസം ശവംപോലെ, തികച്ചും അബോധാവസ്ഥയിൽ കിടന്നു. അവരുടെ ബന്ധുക്കളോട് നമ്മുടെ നിസ്സഹായാവസ്ഥ പറഞ്ഞുകൊണ്ട് മറ്റെവിടെയെങ്കിലും ഇവരെ കൊണ്ടുപോകാൻ നിർദ്ദേശിച്ചു. പക്ഷേ, രോഗിയുടെ ബന്ധുക്കൾ പറഞ്ഞു, ഇവർ രണ്ടുദിവസമായി അബോധാവസ്ഥയിലാണ്. ഞങ്ങൾ കരുതുന്നത് അവർ മരിച്ചിരിക്കുന്നു എന്നാണ്. നിങ്ങൾ ശ്രമിച്ചുനോക്കുക. സുഖപ്പെട്ടാൽ നല്ലത്. അവരോടൊപ്പമുണ്ടായിരുന്ന ഒരാളെ ഇവിടുത്തെ വലിയ ഒരാശുപത്രിയിലാണ് പ്രവേശിപ്പിച്ചിരുന്നത്. അഞ്ചാളുകൾ ഒരുമിച്ചാണ് വിഷം കഴിച്ചിരുന്നത്. പറയുന്നു. അല്ലാഹുവിൽ സർവ്വവും ഭരമേല്പിച്ച് നാലുപേരേയും ഞങ്ങൾ ചികിത്സിക്കാൻ തുടങ്ങി. അവർക്ക് ബോധം തെളിഞ്ഞു. ആരോഗ്യം വീണ്ടുകിട്ടി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂന്നുദിവസത്തിനുശേഷം പൂർണ്ണസുഖം പ്രാപിച്ചു. വലിയ ആശുപത്രിയിൽ പ്രവേശിപ്പിച്ച രോഗി മരിക്കുകയും ചെയ്തു. അതിനുശേഷം വലിയ ആശുപത്രി വിട്ട് നമ്മുടെ ആശുപത്രിയിലേക്ക് വരികയെന്ന് ആളുകൾ പറയാൻ തുടങ്ങി. സർക്കാരുദ്യോഗസ്ഥന്മാരും അന്വേഷണത്തിന്നായി വന്നിരുന്നു. “നിങ്ങളുടെ കൈയിൽ ഒന്നുമില്ല, പക്ഷേ, രോഗികൾ സുഖപ്പെടുന്നു. എന്താണ് കാരണം എന്നു ചോദിച്ചു.” പ്രധാനപ്പെട്ട കാര്യം ദുആയാണ്. അവിടെ ഡോക്ടർ മാർക്ക് ദുആ ചെയ്യാൻ തൗഫീഖ് കിട്ടുന്നു. ദുആയ്ക്കുവേണ്ടി എനിക്കും അവർ എഴുതാറുണ്ട്.

ബുർക്കിനാഫാസോയിൽ ഐക്യാമ്പ് സംഘടിപ്പിച്ചു. ഓപ്പറേഷനും നടന്നിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ക്യാമ്പ് വിജയകരമായിരുന്നു.

ഹോമിയോപ്പതി ചികിത്സയും വൻതോതിൽ നടന്നുവരുന്നുണ്ട്. പാക്കിസ്ഥാനിലും ലോകത്തെ മറ്റ് രാഷ്ട്രങ്ങളിലുമെല്ലാം ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ‘നൂറുൽ അയ്ൻ ദാറുൽ ഖിദ്മത്ത് ഇൻസാനിയാ’ പാക്കിസ്ഥാനിലെ കണ്ണാശുപത്രിയാണ്. കണ്ണിന്റെ ഓപ്പറേഷൻ ഇവിടെ ചെയ്യുന്നു. ഈ സ്ഥാപനം വളരെ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.

വെബ്സൈറ്റിന്റെ റിപ്പോർട്ടുമുണ്ട്. 200 ഗ്രന്ഥം ഓൺലൈനിൽ ലഭ്യമാണ്. ഖുത്ബാത്തെ നൂർ, ഖുത്ബാത്തെ മഹ്മൂദ്, ഖുത്ബാത്തെനാസിർ, ഖുത്ബാത്തെ ത്വാഹിർ, ഹയാത്തെ ഖുദ്സി, ഹയാത്തെ നൂർ, ഗാർഡൻ ഓഫ് റൈറ്റിയസ്, ഹദീഖത്തുസ്വാലിഹീൻ, ഡിക്ഷണറി ഓഫ് ദ ഹോളിഖുർആൻ, ഫിഖഹ് അഹ്മദിയ്യ ഭാഗം 1,2. തദ്ക്കിറ ഉർദു, ഇംഗ്ലീഷ്. തർജമത്തുൽ ഖുർആൻ, ജീസസ് ക്രൈസ്റ്റ് എന്റെ എല്ലാ ഖുത്ബകളും വിവിധ തർജമകളോടുകൂടി സൈറ്റിലുണ്ട്.

ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ, 2,60,839 ബയ്അത്തുകൾ നടന്നു. 146 രാഷ്ട്രങ്ങളിലെ 365 ജനവിഭാഗങ്ങൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചു. നാളെ ഇൻശാഅല്ലാഹ് ആഗോളബയ്അത്തും ഉണ്ടായിരിക്കും.

നൈജിരിയാ ജമാഅത്തിന്റെ ഈ വർഷത്തെ മൊത്തം ബയ്അത്ത് 1,49,498 ആണ്. ഈ വർഷം മുപ്പത് ഇമാമുമാർ അഹ്മദിയ്യത്ത് സ്വീകരിച്ചു. 67 സ്ഥലങ്ങളിൽ ആദ്യമായി അഹ്മദിയ്യത്ത് പിടിച്ചു. കാമറൂൺ, ഛാഡ്, ഇക്വിറ്റേറിയൻഗിനി തുടങ്ങിയ സ്ഥലങ്ങളിലും വിജയം ലഭിച്ചു. അവിടെ 31 ഏക്കർ സ്ഥലവും വാങ്ങിയിട്ടുണ്ട്.

നമ്മുടെ ഒരു മുഅല്ലിം നൈജിരിയായിലെ മുഹമ്മദ് നസീഫി സാഹിബ്, ഛാഡിൽനിന്ന് നൈജിരിയായിലേക്ക് വരികയായിരുന്നു. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ഒരു സാഹിബ് അദ്ദേഹത്തെ ഉപദേശിക്കാൻ തുടങ്ങി. "താങ്കൾ മതത്തിന്റെ വക്താവായിട്ട് തോന്നുന്നുണ്ട്. പക്ഷേ, ഖാദിയാനികളിൽപെട്ടുപോകരുത്." ജമാഅത്തിന്നെതിരിൽ ആരോപണങ്ങളും ആക്ഷേപങ്ങളും പറയാൻ തുടങ്ങി. മുഅല്ലിം സാഹിബ് എല്ലാം കേട്ടുകൊണ്ടിരുന്നു. ഒന്നും പറഞ്ഞില്ല. അയാളുടെ പേര് അൽഹാജ് മുഹമ്മദ് മുസ്തഫാ എന്നായിരുന്നു. രണ്ടുപേരും നൈജിരിയായുടെ അതിർത്തിയിലെത്തിയപ്പോൾ മുഅല്ലിം സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളടങ്ങിയ 'ഹവ്സ' ഭാഷയിലുള്ള ലഘുലേഖ അദ്ദേഹത്തിന് വായിക്കാൻ കൊടുത്തു. അദ്ദേഹം വായിച്ചുകൊണ്ടിരുന്നു. അതിനോടൊപ്പം അദ്ദേഹത്തിന്റെ അവസ്ഥയും മാറിക്കൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഖാദിയാനികളെ വിട്ട് സ്വന്തം ഉലമാക്കളെ ചീത്തപറയാൻ തുടങ്ങി.

ഈ ലഘുലേഖ, നബി(സ) തിരുമേനിയെ പുകഴ്ത്തിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളടങ്ങിയതായിരുന്നു. നബി(സ)നെ സ്തുതിച്ചുകൊണ്ടുള്ള ഇത്തരം വാക്കുകൾ താൻ തന്റെ ജീവിതത്തിൽ കേട്ടിട്ടില്ലെന്നും ഇങ്ങനെ പറയുന്ന ഒരു വ്യക്തി എങ്ങനെയാണ് കാഫിറാകുക എന്നും അദ്ദേഹം ചോദിച്ചു. കുറച്ചുനാളിനുശേഷം അദ്ദേഹം, തന്റെ ഭാര്യാമക്കളോടും സുഹൃത്തുക്കളോടുമൊപ്പം ജമാഅത്തിൽ ചേർന്നു. 145 പേരാണ് അദ്ദേഹത്തോടൊപ്പം ജമാഅത്തിൽ ചേർന്നത്.

ഈ വർഷം ഘാനയിൽ 21,300 ബയ്അത്തുകൾ നടന്നു. ബെനിന് 15,917 ബയ്അത്തിന്റെ ഭാഗ്യം കിട്ടി. ബുർക്കിനാഫാസോയിൽ 14,000 ബയ്അത്ത് നടന്നു. സിറാലിയൂണിൽ ഏഴായിരം ബയ്അത്തുകൾ നടന്നു. ഇന്ത്യയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 14,929 ബയ്അത്തുകൾ നടന്നു.

***യൻസുറുക്ക രിജാലുൻ നൂഹി ഇലയ്ഹിം മിനസ്സമാഇ*** എന്ന ഇൽഹാമിന്റെ അടിസ്ഥാനത്തിൽ കുറച്ചുകാര്യങ്ങൾ പറയാം.

മോസ്കോയിൽനിന്ന് നമ്മുടെ മുബല്ലിഗ് എഴുതുന്നു. നമ്മുടെ ഒരു റഷ്യൻ സുഹൃത്ത് ഇസ്സത്തുല്ലാഹ് സാഹിബ് മെയ് 27-ന് നമ്മുടെ മിഷൻ ഹൗസിൽ വന്നു. ബയ്അത്ത് ചെയ്യാനാഗ്രഹം പ്രകടിപ്പിച്ചു. ഇന്ന് തന്റെ ബയ്അത്ത് വാങ്ങണമെന്ന് നിർബന്ധംപിടിച്ചു. 'ഇന്നലെ രാത്രി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ സ്വപ്നം കണ്ടു. ഇനി താമസിപ്പിക്കാൻ ഞാനുദ്ദേശിക്കുന്നില്ല.' അദ്ദേഹം വികാരഭരിതനായിക്കൊണ്ട് പറഞ്ഞു. "ഞാൻ സ്വപ്നത്തിൽ കണ്ടു, പരിചയമില്ലാത്ത ഒരു വഴിയിലൂടെ ഞാൻ ബസ്സിൽ യാത്ര ചെയ്യുകയാണ്. ബസ്സിന്റെ പിന്നിലാണ് ഞാൻ നില്ക്കുന്നത്. പെട്ടെന്ന് ബസ്സിന്റെ വേഗം കൂടി. അത് വഴിയിൽനിന്ന് തെന്നിപ്പോയി. പിൻഭാഗം ഒരു കുഴിയിലേക്കായി. ഞാൻ മുകളിലേക്ക് ആയാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, മുന്നോട്ടുവരാൻ കഴിയുന്നില്ല. പെട്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖം വെളിപ്പെട്ടു. തന്റെ വലതുകൈ എന്റെ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു, എന്റെ കൈയിൽ ബലമായി പിടിച്ചുകൊള്ളുക; താങ്കൾ നശിക്കുകയില്ല. ഞാൻ പറഞ്ഞു എങ്ങനെ പിടിക്കാനാണ്. എനിക്ക് പിടിക്കാൻ എത്തുന്നില്ല. പിന്നീട് മസീഹ് മൗഊദ്(അ) സ്വയം എന്റെ കൈ പിടിച്ചുവലിച്ചു. ഞാൻ നേരായ വഴിയിലേക്ക് വരുന്നതിൽ വിജയം കണ്ടെത്തി. ഈ സ്വപ്നത്തിന്റെ പരിഭ്രമവും ഭയവുംകൊണ്ടാണ് ഞാൻ എഴുന്നേറ്റത്. അപ്പോൾ ഞാൻ നല്ലവണ്ണം വിയർത്തുപോയിരുന്നു. എന്റെ ശരീരത്തിന് ഒരു അസ്വസ്ഥതയനുഭവപ്പെട്ടു. ഇനി താമസിക്കുന്ന പ്രശ്നമേയില്ല."

മുഹമ്മദ് അശ്റഫ് സാഹിബ് ബൽഗാരിയായിൽനിന്നെഴുതുന്നു. നമ്മുടെ ദാഈയാനെ ഇലല്ലാഹ്യ്ക്ക് ഒരു കുടുംബവുമായി അടുത്തബന്ധമുണ്ടായിരുന്നു. പക്ഷേ, അവർ നമ്മൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമായിരുന്നില്ല. അവർക്ക് മക്കളില്ലായിരുന്നു. വിവാഹം കഴിച്ചിട്ട് നാല് വർഷത്തിലേറെയായിരുന്നു. ഈ സ്ത്രീ സ്വപ്നത്തിൽ കണ്ടു, അവരോട് ഒരു സ്ത്രീ പറയുന്നു, നിങ്ങൾ രിഫ്ത്തിന്റെയടുക്കൽ പോകുക. നിങ്ങൾക്ക് കുട്ടികളേയും കിട്ടും അനുഗ്രഹങ്ങളുമുണ്ടാകും. രിഫ്ത്ത് നമ്മുടെ സദ്ർ ലജ്നയുടെ പേരാണ്. അങ്ങനെ അവർ നമ്മുടെ സെന്ററിൽ വരാൻ തുടങ്ങി. എനിക്കും ദുആയ്ക്കുവേണ്ടി കത്തെഴുതി. ചെക്കപ്പ് ചെയ്തപ്പോൾ നിങ്ങൾ ഗർഭിണിയാണെന്ന് ഡോക്ടർ പറഞ്ഞു. അങ്ങനെ അവർ ബയ്അത്ത് ചെയ്തു.

ബുർക്കിനാഫാസോയിലെ അമീർ സാഹിബ് എഴുതുന്നു: തിജാനി കക്ഷിയിലെ ഒരു ആലിം ഇസ്ഹാഖ് ഥനാഅ് സാഹിബിന് അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള ഭാഗ്യം കിട്ടി. അദ്ദേഹം താൻ ബയ്അത്ത് ചെയ്യാനിടയായ സംഭവം ഇങ്ങനെ വിവരിച്ചു.

12,13 വർഷം പ്രായമുള്ളപ്പോൾ കുട്ടികളോടൊപ്പം ഓട്ടമത്സരത്തിൽ പങ്കെടുത്ത അവസരത്തിൽ ഞാനൊരു അശരീരി കേട്ടു, 'ഇമാം മഹ്ദിയുടെയടുക്കലേക്ക് വരിക.' ഈ ശബ്ദം എവിടെനിന്ന് എങ്ങനെ വന്നുവെന്ന് എനിക്ക് കുട്ടിക്കാലമായതിനാൽ മനസ്സിലായിരുന്നില്ല. ഇപ്പോൾ എനിക്ക് 26 വയസ്സാണ്. ഒരു രാത്രി ഞാൻ അശരീരി കേട്ടു. 'ഇമാം മഹ്ദി വന്നിരിക്കുന്നു. അദ്ദേഹത്തിന്റെയടുക്കൽ ചെല്ലുക' ഞാനെഴുന്നേറ്റ് നോക്കിയപ്പോൾ ആരേയും കണ്ടില്ല. വീണ്ടും ഉറങ്ങി. 'ഇമാം മഹ്ദി വന്നിരിക്കുന്നു. അദ്ദേഹത്തിന്റെയടുക്കൽ ചെല്ലുക' എന്ന് വിളിച്ചുപറയുന്നതായി പിന്നീട് സ്വപ്നത്തിലും കണ്ടു. പിന്നീട് എന്റെ ചെവിയുടെയടുക്കൽ വന്ന് ആരോ ഇങ്ങനെ പറയുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. അടുത്തദിവസം ഞാനൊരു ഇമാമിന്റെയടുക്കൽ പോയി. യഥാർത്ഥത്തിൽ ഇമാം മഹ്ദി വന്നിട്ടുണ്ടോയെന്ന് ഞാൻ ചോദിച്ചു. ഇമാം ഉചിതമായ മറുപടി തന്നില്ല. ഞാൻ ഡോറിപട്ടണത്തിൽ വന്നു. ഒരിക്കൽ റേഡിയോയിലൂടെ അഹ്മദിയ്യത്തിന്റെ സന്ദേശം കേൾക്കാനിടയായി. അതിൽ ഇമാം മഹ്ദിയെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറയുന്നുണ്ടായിരുന്നു. പക്ഷേ, എനിക്ക് തൃപ്തി വന്നില്ല. ഞാൻ ബോബോജലാസയിൽ വന്നു. അവിടെ ജമാഅത്തിന് റേഡിയോനിലയമുണ്ട്. തുടർന്നും റേഡിയോ പ്രോഗ്രാം കേട്ടുകൊണ്ടിരുന്നു. ഒരു ദിവസം റേഡിയോ നിലയത്തിൽ വന്നു. അവിടെ മുഅല്ലിം സാഹിബിനോട് ചില ചോദ്യങ്ങൾ ചോദിച്ചു. അദ്ദേഹത്തിൽനിന്ന് തൃപ്തികരമായ മറുപടി എനിക്ക് ലഭിച്ചു. കുറച്ചുദിവസം അഹ്മദിയ്യാ മിഷനിൽ താമസിച്ചതോടെ എന്റെ നെഞ്ചകം ശുദ്ധമായി. ഞാൻ അന്വേഷിച്ചത് എനിക്ക് കിട്ടിയെന്ന് എനിക്ക് ബോധ്യംവന്നു. ഞാൻ ബയ്അത്ത് ചെയ്ത് ഇമാം മഹ്ദിയിൽ വിശ്വസിച്ചവരുടെ കൂട്ടത്തിൽ ചേർന്നു.

ഫ്രാൻസിലെ ഒരു സ്ഥലമാണ്, ഗോദല്ലു. അവിടെ പുതിയ ജമാഅത്ത് രൂപീകരിച്ചു. ഒരു സുഹൃത്ത്, ഹബീബ് ഹൈദർ സാഹിബുമായി പരിചയപ്പെട്ടു. അദ്ദേഹം പറഞ്ഞു ഞാൻ

അങ്ങോട്ടുവരാം, എന്നിട്ട് കാണാമെന്ന്. അദ്ദേഹം ഞങ്ങളുടെ അടുക്കൽ വന്നു. തബ്‌ലീഗ് സംസാരം നടന്നപ്പോൾ അദ്ദേഹം പറഞ്ഞു, 1992-ൽ ഞാൻ ഒരു സ്വപ്നം കണ്ടിരുന്നു. നിങ്ങൾ ഇപ്പോൾ ഇരിക്കുന്നതുപോലെ ഇരിക്കുന്നതാണ് കണ്ടത്. ഇവിടെ ഒരു ഫോട്ടോ തൂക്കിയിട്ടുണ്ടായിരുന്നു. അതിപ്പോൾ കാണുന്നില്ല. അങ്ങനെ അദ്ദേഹത്തെ ലൈബ്രറിയിൽ കൊണ്ടുപോയി. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഫോട്ടോകൾ വെച്ചിട്ടുണ്ടായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ കൂടെ അദ്ദേഹത്തിന്റെ ഇമാം സഅ്ദും ഉണ്ടായിരുന്നു. അവർ മാറിമാറി എല്ലാ ഫോട്ടോയും നോക്കിക്കൊണ്ടിരുന്നു. അവസാനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ചിത്രത്തിന്റെ മുമ്പിൽ നിലയുറപ്പിച്ചു. 1992-ൽ ഞാൻ സ്വപ്നത്തിൽ കണ്ട വ്യക്തി ഇദ്ദേഹമാണ്. തന്റെ ഉസ്താദിനോട് പറഞ്ഞു, ഞാൻ അങ്ങയോട് പറയാറുള്ള ആ വ്യക്തിയുടെ ചിത്രം അല്ലാഹുവാണ! ഇതുതന്നെയാണ്. അങ്ങനെ അദ്ദേഹം ബയ്അത്ത് ചെയ്തു.

മൻസൂർ അഹ്‌മദ് സായിദ് സാഹിബ് ഘാനയിൽനിന്നെഴുതുന്നു: "ഒരാളുടെ നാലുമാസം പ്രായമുള്ള കുട്ടി ജനനം മുതൽ രാത്രിയിൽ ഉറങ്ങാറുണ്ടായിരുന്നില്ല. എപ്പോഴും കരച്ചിലായിരുന്നു. ഇതിൽ അദ്ദേഹം വളരെ വിഷമിച്ചു. കുട്ടിയേയുംകൊണ്ട് പല ക്രിസ്ത്യൻ പള്ളികളിലും പോയി. പക്ഷേ ഒരു ഫലവുമുണ്ടായില്ല. അനഹ്‌മദികളുടെ ഇമാമിന്റെയടുക്കലും കൊണ്ടുപോയി. എന്നിട്ടും കുട്ടിക്ക് സുഖം കിട്ടിയില്ല. അപ്പോൾ 'നിങ്ങൾ ദുആ ചെയ്യുക, ഈ കുട്ടിയുടെ അസുഖം മാറിയാൽ ഞങ്ങൾ അഹ്‌മദിയ്യാ ജമാഅത്ത് സ്വീകരിക്കുമെന്ന്' അദ്ദേഹം പറഞ്ഞു. 'തീർച്ചയായും ദുആ ചെയ്യുമെന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചു. അല്ലാഹുവിന്റെ ഇഷ്ടമാണ് ദുആ സ്വീകരിക്കുകയെന്നത്.' മൻസൂർ സാഹിബ് പറയുന്നു: ഞാൻ എന്റെ കുടുംബാംഗങ്ങളെയെല്ലാം വിളിച്ച് ആ കുടുംബത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്യുകയും അദ്ദേഹത്തെ സമാധാനിപ്പിക്കുകയും ചെയ്തു. ഒരിക്കൽ സുബ്ഹി നമസ്കാരത്തിനുശേഷം അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ കഴിഞ്ഞരാത്രിയിലെ കുട്ടിയുടെ സ്ഥിതി അന്വേഷിച്ചു. അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും വളരെ സന്തോഷത്തോടെ പറഞ്ഞു. ഇന്നലെരാത്രി ആദ്യമായിട്ടാണ് ഞങ്ങളുടെ കുട്ടി സുഖകരമായിട്ട് ഉറങ്ങിയത്. ഇക്കാരണത്താൽ അവരെല്ലാവരും അഹ്‌മദിയ്യായി."

മാലി ജമാഅത്തിലെ ആത്മാർത്ഥനായ ഒരു ദാഈഇലല്ലാഹ് ജാലഖദ്‌യാബി സാഹിബ് വിവരിക്കുന്നു. "ജജനി പട്ടണത്തിലെ വലിയ ഇമാം, ജമാഅത്തിന്റെ കഠിനവിരോധിയാണ്. താൻ അഹ്‌മദിയ്യത്തിനെ ഇവിടെനിന്ന് അവസാനിപ്പിച്ചേ അടങ്ങുയെന്ന് അയാൾ പറഞ്ഞു. എന്നല്ല, അഹ്‌മദിയ്യത്തും താനുമായി ഒരുമിച്ച് ജീവിക്കുകയില്ലെന്നും പ്രഖ്യാപിച്ചു. അയാൾ തന്റെ മകളുടെ വിവാഹം ഒരു മൗലവിയുമായിട്ട് നടത്തി. അഹ്‌മദിയ്യത്ത് ഈ പട്ടണത്തിൽനിന്ന് അവസാനിക്കാൻ വേണ്ടി നീ ഉപവസിക്കുകയെന്ന് അയാൾ തന്റെ മരുമകനോട് പറഞ്ഞു. അങ്ങനെ അയാൾ ഉപവസിക്കാൻ തുടങ്ങി. അതിനിടയിൽ കഠിനമായ രോഗം പിടിപെട്ട് അയാളുടെ ഒരു കണ്ണിന് കാഴ്ച നഷ്ടപ്പെട്ടു. അയാൾ വഞ്ചകനാണെന്ന് ജനങ്ങൾ പറയാൻ തുടങ്ങി. അഹ്‌മദിയ്യത്തിനെ പുറത്താക്കാൻ ദുആ ചെയ്തുകൊണ്ടിരുന്ന ആ മൗലവിക്ക് ഈ ആക്ഷേപശരങ്ങൾക്കു മുമ്പിൽ പിടിച്ചുനില്ക്കാൻ കഴിഞ്ഞില്ല. അയാൾക്ക് ആ പട്ടണമുപേക്ഷിച്ചു പോകേണ്ടിവന്നു. എന്നാൽ, അഹ്‌മദിയ്യാ ജമാഅത്ത് ഇവിടെ നിത്യേന അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു."

ലൈബീരിയായിൽനിന്ന് ഹാജി ഇസ്മായിൽ കോനേസാഹിബ് എഴുതുന്നു: 'പാക്കിസ്ഥാനിലെ തബ്‌ലീഗ് ജമാഅത്തിന്റെ കുറച്ച് മൗലവിമാർ ലൈബീരിയായിൽ വന്നിരുന്നു. അവർ ഞങ്ങളുടെ നാട്ടിലും വന്നു. ജമാഅത്തിന്നെതിരിൽ പരസ്യപ്രചാരണം തുടങ്ങി. അവർ നമ്മുടെ ലോക്കൽ മുഅല്ലിമിനോട് പറഞ്ഞു: നിങ്ങൾ വളരെ നല്ല മനുഷ്യനാണെന്ന് തോന്നുന്നു. പക്വമതിയായ യുവാവുമാണ്. ദീനീപരമായ അറിവുമുണ്ട്. ഈ ഖാദിയാനികളാണെങ്കിൽ കാഫിറുകളാണ്. അവരെ ഞങ്ങൾ പാക്കിസ്ഥാനിൽ നിന്ന് പുറത്താക്കിയതാണ്. അതുകൊണ്ട് നിങ്ങൾ അവരെ ഉപേക്ഷിച്ച് ഞങ്ങളുടെകൂടെ മുസ്‌ലിമാകുക." ഹാജി ഇസ്മായിൽ സാഹിബ് അവരോട് പറഞ്ഞു. "ഞാൻ നല്ലവനായത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്‌മദിയ്യായതുകൊണ്ടാണ്. ദീനീപരമായ അറിവും എനിക്ക് ലഭിച്ചത് ഈ ജമാഅത്തിൽനിന്നാണ്. നിങ്ങളും നന്നാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ജമാഅത്ത് സ്വീകരിച്ചുകൊള്ളുക. അഹ്‌മദികളെ നിങ്ങൾ പാക്കിസ്ഥാനിൽനിന്ന് പുറത്താക്കി. ഇപ്പോൾ അവരുടെ പിന്നാലെ നിങ്ങൾ ഇവിടെ എത്തിയിരിക്കുകയാണ്. ഓർമ്മിച്ചുകൊള്ളുക നിങ്ങളുടെ പിതാക്കന്മാർ അഹ്‌മദിയ്യത്തിനെ നശിപ്പിക്കാൻ പരിശ്രമിച്ച് പരിശ്രമിച്ച് ഈ ലോകത്തുനിന്ന് വിടപറഞ്ഞുപോയി. പക്ഷേ, അഹ്‌മദിയ്യാ ജമാഅത്ത് മുഴുലോകത്തും വ്യാപിച്ചുകഴിഞ്ഞു. ഇനി അതിനെ നിങ്ങളെന്തു നശിപ്പിക്കാനാണ്?" അവർക്ക് ഇതിന് മറുപടിയുണ്ടായില്ല. പരാജിതരായിക്കൊണ്ട് ആ പ്രദേശത്തുനിന്ന് പോയ്ക്കളഞ്ഞു.

പിന്നീടവർ മറ്റൊരു സ്ഥലത്തെത്തി. ജനങ്ങളെ ജമാഅത്തിന്നെതിരിൽ ഇളക്കിവിടാൻ ശ്രമം തുടങ്ങി. ഇവിടുത്തെ നമ്മുടെ മുഅല്ലിമായ ഹുസൈൻ ജരീക്കാ സാഹിബ്, വലിയൊരു സദസ്സിൽവച്ച് അഹ്‌മദികളെ കാഫിർ എന്നുപറയാൻ കാരണമെന്താണെന്ന് അവരോട് ചോദിച്ചു. 'അഹ്‌മദി കലിമ ത്വയ്യിബയിൽ വിശ്വസിക്കാത്തതുകൊണ്ടാണെന്ന്' അവർ പറഞ്ഞു. അപ്പോൾ മുഅല്ലിം സാഹിബ് അവരോട് പറഞ്ഞു: 'നിങ്ങൾ നില്ക്കുന്ന ഈ പള്ളി അഹ്‌മദിയ്യാ ജമാഅത്തിന്റെ പള്ളിയാണ്. നിങ്ങളുടെ മുമ്പിൽ കലിമത്വയ്യിബ എഴുതിവെച്ചിരിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? നിങ്ങളെന്ത് ഇസ്‌ലാം പഠിപ്പിക്കാനാണ് ഇവിടെ വന്നത്?' അവർക്ക് അതിന് മറുപടി പറയാൻ കഴിഞ്ഞില്ല. ലജ്ജിതരായിക്കൊണ്ട് അവിടെനിന്ന് സ്ഥലംവിട്ടു. ഈ പ്രദേശത്ത് മൂന്നുദിവസത്തെ പരിപാടിക്കായിട്ടാണ് അവർ വന്നതെങ്കിലും വന്നദിവസംതന്നെ തിരിച്ചുപോകേണ്ടിവന്നു.

ആഫ്രിക്കൻജനതയെ പൊതുവെ മറ്റുള്ളവർ നിരക്ഷരരാണെന്നാണ് പറയുന്നത്. പക്ഷേ, അവരിൽ കാര്യങ്ങൾ തിരിച്ചറിയാനുള്ള ബോധമുണ്ട്. എന്നാൽ, വിദ്യാസമ്പന്നരെന്ന് അവകാശപ്പെടുന്ന ആളുകൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗം തിരിച്ചറിയാനുള്ള കഴിവില്ലാതെപോയി.

നവഅഹ്‌മദികളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്ഥിരചിത്തതയോടും പൂർണ്ണഉത്സാഹത്തോടുംകൂടി പ്രവർത്തിച്ചുവരുന്നു.

നിസാമെ വസിയ്യത്തിലും വളരെ വർദ്ധനവുണ്ടായിട്ടുണ്ട്. 38,000 വസിയ്യത്തേയുണ്ടായിട്ടുള്ളൂവെന്ന് 2004-ൽ ഞാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ സംഖ്യ ഉയർന്ന് 71,700 ആയിക്കഴിഞ്ഞിരിക്കുന്നു. ഇനിയും ഇതിൽ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ബനിനിലെ അമീർ സാഹിബ് എഴുതുന്നു: '1978-ൽ രാജ്യത്തിന്റെ തലസ്ഥാനമായ പോർട്ടോനോവോയിൽ ബനിനിലെ രണ്ട് ഇസ്‌ലാംമതപണ്ഡിതന്മാർ വന്നു. ഇവർ രണ്ടുപേരും ഉറ്റ

സുഹൃത്തുക്കളായിരുന്നു. ഇവരിൽ ഒരു ആലിമായ അൽഹാജ് വസീർ ഹുസൈൻ അഹ്മദിയ്യത്ത് സ്വീകരിച്ചുകൊണ്ട് ബഹുമതിക്കർഹനായി. അദ്ദേഹം ബനിനിലെ ആദ്യത്തെ സദ്ർ ആയി നിയമിക്കപ്പെട്ടു. രണ്ടാമത്തെ ആലിം അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിൽനിന്ന് പിന്തള്ളപ്പെട്ടു. അദ്ദേഹം പോർട്ടോനോവോയിലെ സെന്റർ മസ്ജിദിന്റെ ഇമാമായിത്തീർന്നു. പിന്നീട് അഹ്മദിയ്യാ ജമാഅത്തിന് എതിർപ്പുണ്ടായി. അതിനിടയിലൂടെ ജമാഅത്ത് വളർന്നുകൊണ്ടിരുന്നു. ഈ അനഹ്മദി ആലിം ഇപ്പോൾ 'ആൾ ബനിൻ അയ്മാഅ് അസോസിയേഷന്റെ' വൈസ്പ്രസിഡന്റാണ്. പോർട്ടോനോവ് സെന്റർ മസ്ജിദിലെ ഇമാമുമാണ്. ഈ വർഷം വലിയ പെരുന്നാളിന്റെ ഒരു ദിവസം മുമ്പേ നമ്മുടെ ജമാഅത്തിലെ മജ്ലിസെ ആമിലായിലെ പത്ത് അംഗങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽപോയി. അവിടെ അദ്ദേഹത്തിന്റെ മക്കളും മറ്റ് മതപണ്ഡിതന്മാരുമുണ്ടായിരുന്നു. ഇമാം സാഹിബ് വളരെ സന്തോഷത്തോടെ അവരെ സ്വീകരിച്ചു. ഈ കൂടിക്കാഴ്ച ഏകദേശം ഒരു മണിക്കൂർ നീണ്ടുനിന്നു. അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു "താങ്കൾ ജമാഅത്തിന്റെ പുതിയ അമീറായിക്കൊണ്ട് എന്നെ കാണാൻ വന്നു. എനിക്ക് വളരെ സന്തോഷമുണ്ട്. ഞാനിന്ന് ഒരു കാര്യം നിങ്ങളോട് പറയാം. എനിക്ക് അങ്ങേയറ്റം പ്രായമെത്തിയിരിക്കുകയാണ്. പക്ഷേ, ഞാൻ എന്റെ മക്കളുടേയും ഇവിടെ കൂടിയിരിക്കുന്ന മറ്റുള്ളവരുടേയും മുമ്പിൽ വച്ച് ഇക്കാര്യം തുറന്നുപറയുകയാണ്. അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇന്ന് സത്യമായിട്ടുള്ള ജമാഅത്ത്. അവർ നൂറുശതമാനവും ഖുർആനും ഹദീസുകളുമനുസരിച്ച് പ്രവർത്തിക്കുന്നു. വിദ്യാസമ്പന്നരും ചിന്തകന്മാരും ഈ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാരണത്താൽ ഭരണകൂടങ്ങളെല്ലാം നിങ്ങളെ ബഹുമാനദൃഷ്ടിയോടെ നോക്കിക്കാണുന്നു. ഈയവസരത്തിൽ നിങ്ങളുമായിട്ടുള്ള ഞങ്ങളുടെ പോരാട്ടം രാഷ്ട്രീയം മാത്രമാണ്. ഞങ്ങൾ എതിർപ്പുകൾ ഉപേക്ഷിക്കുകയാണെങ്കിൽ എല്ലാവരും അഹ്മദിയ്യാകും." ഇമാം സാഹിബിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ നമ്മുടെ ആളുകൾ തക്ബീർ വിളിച്ചു. ഇമാം സാഹിബ് തുടർന്നുകൊണ്ട് പറഞ്ഞു. 'അഹ്മദിയ്യാ ജമാഅത്ത് ബനിനിൽ വന്നപ്പോൾ ചോദ്യോത്തരസദസ്സുകളിൽ ഞാനും പങ്കെടുത്തിരുന്നു. ഇതിനുശേഷം എനിക്ക് ജാമിഅ അസ്ഹറിൽ പോകാൻ അവസരം കിട്ടി. അവിടുത്തെ ഉസ്താദുമാരോട് അഹ്മദിയ്യത്തിനെക്കുറിച്ച് ചോദിച്ചുമനസ്സിലാക്കാനും എനിക്ക് കഴിഞ്ഞു. എല്ലാവരും പറഞ്ഞത് അഹ്മദിയ്യാ ജമാഅത്ത് സത്യജമാഅത്താണെന്നും അറേബ്യൻരാജ്യങ്ങൾ ഇപ്പോൾ അവർ സ്വീകരിച്ചിട്ടുള്ള വഴി ഉപേക്ഷിച്ചാൽ (അതായത് ആലിംകൾ എതിർപ്പ് നിറുത്തിയാൽ) എല്ലാ അറബികളും ജമാഅത്തിൽ പ്രവേശിക്കുമെന്നുമാണ്." ഒരിക്കൽകൂടി തക്ബീർ ധ്വനി മുഴങ്ങി. പിന്നീടദ്ദേഹം പറഞ്ഞു, 'നിങ്ങളൊരിക്കലും പിന്നാക്കം പോകാൻ പാടില്ലെന്ന് ഞാൻ നിങ്ങളോട് ആവർത്തിച്ചാവർത്തിച്ച് പറയുന്നു. വിജയം തീർച്ചയായും നിങ്ങളുടേതാണ്. ഞങ്ങളാണെങ്കിൽ ഭക്ഷണത്തിനുവേണ്ടി വഴക്കിടുന്നവരും.'

സാമ്പത്തികമായ റിപ്പോർട്ടുകൾ ജമാഅത്തിന്റെ മുമ്പിൽ സമർപ്പിക്കാറുണ്ട്. എല്ലാത്തരം സാമ്പത്തികരംഗങ്ങളിലും ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു.

സൗദിഅറേബ്യയിൽനിന്ന് എനിക്കൊരു കത്ത് കിട്ടി. അവിടെ താമസിക്കുന്ന സയ്യിദ് സാഹിബ് എഴുതുന്നു. ഇതിനുമുമ്പേയും അദ്ദേഹത്തിന്റെ മകൾകണ്ട സ്വപ്നം അദ്ദേഹം എന്നെ എഴുതിയറിയിച്ചിരുന്നു. ഈ സ്വപ്നം വളരെ അനുഗ്രഹീതമാണെന്ന് ഞാൻ അദ്ദേഹത്തിനന്ന് മറുപടി കൊടുത്തു. അദ്ദേഹമെഴുതി: "എന്റെ മകളെനിക്ക് ഫോൺ ചെയ്തു. ഉയർന്ന മൺകട്ടകൾ നിറഞ്ഞ മനോഹരമായ സ്ഥലത്ത് ഒരു വാതിൽ തുറക്കുന്നതായി ഞാൻ സ്വപ്നം കണ്ടില്ലേ. അതേ കാഴ്ചയാണ് ഇവിടെ സ്റ്റേജിൽ പിടിപ്പിച്ചിരിക്കുന്ന ബാനറിൽ ഞാൻ കാണുന്നത്."

അല്ലാഹു ഈ എം.ടി.എ മുഖേന ഇൻശാഅല്ലാഹ് അറേബ്യൻനാടുകളിൽ അഹ്മദിയ്യത്തിനെ വ്യാപിപ്പിക്കുന്നതാണ്. മുല്ലമാർ ഭക്ഷണത്തിനായി വഴക്കിടുകയോ ഇടാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ. അല്ലാഹുവിന്റെ വിധി തീരുമാനിച്ചിരിക്കുന്നത് ഇൻശാഅല്ലാഹ് ഇനി അറേബ്യൻനാടുകളിൽ അഹ്മദിയ്യത്ത് രൂപീകരിക്കണമെന്നാണ്. എത്രയും വേഗം മുസ്ലിംലോകത്തെ മുഴുവനും അഹ്മദിയ്യാ ജമാഅത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ മടിത്തട്ടിൽ പിടിച്ചിരുത്തേണ്ടതാണ്. ആ സ്വപ്നത്തിന്റെ അവസാനത്തെക്കുറിച്ച് അവർ പറയുന്നു, ഞാൻ ഹജ്ജ് ചെയ്തതിനുശേഷമാണ് ഈ സ്വപ്നം കണ്ടത്. മൺകൂനകളുടെ മുകളിൽ ഞാനിരിക്കുകയാണ്. മണ്ണ് കൈയിലെടുത്ത് അല്പം ഉയർത്തി പറപ്പിക്കുന്നു. അപ്പോൾ To Allah belongs the heaven and earth and be beolongs to him. ആകാശഭൂമികളെല്ലാം അല്ലാഹുവിന്റെ സ്വത്താണ്. നമ്മളും അല്ലാഹുവിന്റേതാണ് എന്നിങ്ങനെ മൂന്ന് പ്രാവശ്യം പറയുന്നത് ഞാൻ കേട്ടു.

ഈ സമയത്ത് ഇവിടെ നമ്മുടെ മറാക്കിശിലെ അനഹ്മദി സുഹൃത്തും അതിഥിയായി എത്തിയിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ അധികാരത്തോടും ഉറപ്പോടുംകൂടി പറയുകയാണ്, ഞാൻ സത്യത്തിലാണുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ രംഗത്ത് എനിക്കുതന്നെയാണ് വിജയം. ഞാനെന്റെ ദീർഘദൃഷ്ടികൊണ്ട് സകല ലോകവും എന്റെ സത്യത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നത് കാണുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാനൊരു മഹത്തായ വിജയം നേടും. കാരണം എന്റെ നാവിന് താങ്ങായി വേറൊരു നാവ് സംസാരിക്കുന്നു. എന്റെ കൈയ്ക്ക് പകരം വേറൊരു കൈ പ്രവർത്തിക്കുന്നു. ഇത് ലോകം കാണുന്നില്ല. എന്നാൽ ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. എന്റെയുള്ളിൽ, ഒരു ദിവ്യമായ ആത്മാവ് സംസാരിച്ചുകൊണ്ടിരിക്കുന്നു. അതെന്റെ ഓരോ വാക്കിനും ഓരോ ചലനത്തിനും ജീവൻ നല്കുന്നു. ആകാശത്തിൽ ഒരാവേശവും തിളപ്പും ഉണ്ടായിരിക്കുകയാണ്. അത് ഒരു പാവക്കുട്ടിയെപ്പോലെ ഈ ഒരു പിടിമണ്ണിനെ എഴുന്നേല്പിച്ചുനിറുത്തി. ഞാൻ എന്നിൽനിന്നുള്ളവനല്ലെന്ന് പശ്ചാത്താപത്തിന്റെ കവാടം കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ വ്യക്തിയും അടുത്തുതന്നെ കാണും. സത്യവാനെ തിരിച്ചറിയാത്ത കണ്ണ്, കാഴ്ചയുള്ളതാണോ? ഈ ഭാഗ്യം നിറഞ്ഞ ജലസ്രോതസ്സ്കണ്ട് ബോധമില്ലാത്തവനും ജീവിച്ചിരിക്കുന്നവനാണോ?

നമ്മുടെ ജീവിതത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലോകം മുഴുവൻ പരക്കുന്നത് കാണാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ. നബി(സ)യുടെ കൊടിക്കീഴിൽ എല്ലാ ജനങ്ങളും വരുന്നത് കാണാനുള്ള ഭാഗ്യം നല്കുമാറാകട്ടെ. അല്ലാഹു അങ്ങനെതന്നെയാക്കുമാറാകട്ടെ.

●